ISSN 2582-2764

അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 3 | Issue 3 | Bimonthly | June 2023 | Thiruvananthapuram | Page 20 | Price ₹10

05 ഭവന സ്വപ്നം മരീചികയാകരുത്

17 ബജറ്റ് വിശ്വാസ്യതയിൽ മുന്നേറ്റം

20 അജയ്യരായി മൂന്നാം വർഷത്തിലേക്ക്

സഭാധ്യക്ഷന്റെ പേജ്

ജ്ഞാന സമൂഹവും ജ്ഞാന സമ്പദ് വ്യവസ്ഥയും

എ.എൻ. ഷംസീർ
സ്പീക്കർ

ജ്ഞാന സമൂഹം എന്നത് ജ്ഞാന സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തുന്നതിനുള്ള വിജ്ഞാനാധിഷ്ഠിതമായ ഒരു സമൂഹ നിർമ്മിതിയാണ്. വിവരസാങ്കേതികവിദ്യയിലുണ്ടായ വളർച്ചയാണ് ജ്ഞാനസമൂഹനിർമ്മിതിയ്ക്ക് പിന്തുണയേകുന്നത്. ഇന്ന് ലോകത്തെ മൊത്തം ഉത്പാദനത്തിന്റെ (ജി.ഡി.പി.) അമ്പത് ശതമാനവും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലാണല്ലോ. ഇതിൽ ബുദ്ധിയും പ്രൊഫഷണലിസവുമാണ് കേന്ദ്രസ്ഥാനത്തുള്ളത്.

സ്വന്തം കഴിവിന്റെ ആത്മവിശ്വാസത്തിൽ ജീവിച്ച് മുന്നേറാനും വിവരവിതരണത്തിന്റെയും അറിവു നിർമിതിയുടെയും രാഷ്ട്രീയം തിരിച്ചറിയാനും കഴിയുന്ന ഒരു ഭാവിസമൂഹമായിരിക്കും വൈജ്ഞാനിക സമൂഹം. സമൂഹം വിജ്ഞാനസമൂഹമായി മാറുവാൻ വേണ്ട നാല് അടിസ്ഥാന കാര്യങ്ങളെ കുറിച്ച് യുനെസ്കോ പറയുന്നുണ്ട്. ഒന്ന്, ആവിഷ്കാരത്തിനുള്ള സ്വാതന്ത്ര്യം. രണ്ട്, വിവരങ്ങളുടെയും അറിവിന്റെയും സാർവദേശീയമായ പ്രാപ്യത. മൂന്ന്, സാംസ്കാരികമായ വൈവിധ്യങ്ങളോടുള്ള ആദരവ്. നാല്, എല്ലാവർക്കും ലഭ്യമാകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം. വ്യക്തികളുടെ സ്വാതന്ത്ര്യവും ആവിഷ്കാരവും ജനാധിപത്യമൂല്യ പ്രകാശനവുമൊക്കെ ഇതിലൂടെ യാഥാർത്ഥ്യമാവും. കേരളം മുന്നോട്ടുവെക്കുന്ന വിദ്യാഭ്യാസത്തിന്റെ സാമൂഹ്യനീതി എന്നത് യുനെസ്കോ പ്രഖ്യാപിച്ച വിവരങ്ങളുടെയും അറിവിന്റെയും സാർവദേശീയ പ്രാപ്യതയോട് ചേർന്ന് നിൽക്കുന്നുണ്ട്. നമ്മുടെ ഭരണഘടനാ മൂല്യങ്ങളും മതനിരപേക്ഷതയും ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകുമ്പോൾ സാംസ്കാരികമായ വൈവിധ്യങ്ങളോടുള്ള ആദരവെന്ന ലക്ഷ്യം സാധിതമാകും. പൊതുവിദ്യാലയങ്ങളിൽ ഒരുമിച്ചിരുന്ന് പഠിക്കുന്ന കുട്ടികൾ പരസ്പരബഹുമാനവും സംസ്കാരവും സ്നേഹവും പങ്കുവെക്കുമ്പോൾ അവരിൽ ഉരുത്തിരിഞ്ഞുവരുന്നത് ഈയൊരു സാംസ്കാരിക പശ്ചാത്തലമാണ്. യുനെസ്കോ ചൂണ്ടിക്കാട്ടുന്ന രീതിയിൽ എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലേക്ക് കേരളം മുന്നേറുമ്പോൾ, ഒരു വിദ്യാർത്ഥി തന്റെ സമൂഹത്തിൽ പൂർണമായും ഇടപെടൽ ശേഷിയുള്ള ഒരു പൗരനായി വികസിക്കുകയാണ്. ഇത്തരം പൗരൻമാരിലൂടെയാണ് വൈജ്ഞാനിക സമൂഹം യാഥാർത്ഥ്യമാവുക.

ജ്ഞാന സമ്പദ് വ്യവസ്ഥ സാധ്യമാക്കണമെങ്കിൽ മികച്ച പശ്ചാത്തല സൗകര്യം വികസിപ്പിച്ച് ജ്ഞാനസമൂഹം സൃഷ്ടിക്കേണ്ടതുണ്ട്. അതിന് ജ്ഞാനോത്പാദനത്തിനു വേണ്ടിയുള്ള നിക്ഷേപത്തിൽ തുടർച്ചയായി വർധനവുമുണ്ടാകണം. വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും മുതൽമുടക്ക് വർധിപ്പിക്കുന്നതിലൂടെ മാത്രമേ മികവുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അറിവിനും വിദഗ്ധ തൊഴിലാളികൾക്കുമാണ് സമ്പദ് വ്യവസ്ഥയിൽ മുഖ്യസ്ഥാനം കൽപ്പിക്കുന്നത്. ഇതിനായി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖല സമഗ്രമായ മാറ്റത്തിനുള്ള ശ്രമത്തിലാണുള്ളത്. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാന ബജറ്റിൽ വലിയ തുക തന്നെ നീക്കിവെച്ചിരിക്കുന്നു. ബജറ്റിലെ ശ്രദ്ധാകേന്ദ്രമായി ഉന്നതവിദ്യാഭ്യാസ മേഖല മാറുകയുണ്ടായി. ഈ മാറ്റം കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി പടുത്തുയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

വിജ്ഞാനം അല്ലെങ്കിൽ അറിവ് എന്നതിന് പുതിയ വിദ്യാഭ്യാസ ചിന്തയിൽ വിപുലമായ അർത്ഥങ്ങളാണുള്ളത്. വിവരവും വിജ്ഞാനവും തമ്മിലുള്ള കാതലായ വ്യത്യാസം ഗൗരവമായി ചർച്ച ചെയ്യാൻ തുടങ്ങിയത് തൊണ്ണൂറുകൾക്ക് ശേഷമാണ്. അതുവരെ വലിയൊരളവുവരെ വിവരത്തെത്തന്നെയാണ് വിജ്ഞാനമായി മനസ്സിലാക്കിയിരുന്നത്. വിവരസാങ്കേതികവിദ്യ വ്യാപകമാകാതിരുന്ന കാലത്ത് ഈ വിവരങ്ങളുടെ സൂക്ഷിപ്പുകാരായിരുന്നു അധ്യാപകർ. സാങ്കേതികവിദ്യയിലൂടെ ലോകവിവരങ്ങൾ മനുഷ്യരുടെ വിരൽത്തുമ്പിൽ ലഭ്യമാകാൻ തുടങ്ങിയതോടെ വിവരങ്ങളുടെ സൂക്ഷിപ്പുകാർ എന്ന അർഥത്തിൽ അധ്യാപകർക്ക് പ്രസക്തിയില്ലാതാകുകയും അവർ ലഭ്യമായ വിവരങ്ങളുപയോഗിച്ച് വിശകലന യുക്തിയിലൂടെ ജ്ഞാനനിർമിതിക്ക് നേതൃത്വം നൽകേണ്ടവരാണെന്ന സങ്കൽപ്പനം വ്യാപകമാകുകയും ചെയ്തിട്ടുണ്ട്. വ്യവസ്ഥാപിത രീതിയിലുള്ള ഉത്പാദന വിതരണ സമ്പ്രദായത്തിൽ നിന്നും വിവര സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള ഉത്പാദനത്തിലേയ്ക്കും വിതരണത്തിലേയ്ക്കുമുള്ള ആരോഗ്യകരമായ മാറ്റമാണ് ജ്ഞാന സമ്പദ് വ്യവസ്ഥയിൽ നടപ്പിലാകുക.

'അറിവാണ് ശക്തി' എന്നതായിരിക്കും ജ്ഞാനസമൂഹത്തിന്റെ മുഖമുദ്ര. പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ ചരക്കുകളുടെയും സേവനങ്ങളുടെയും ഉത്പാദനം പരമാവധിയിലേക്ക് എത്തിക്കുക എന്നതാണ് ഇവിടെ ലക്ഷ്യമിടുന്നത്. സാമ്രാജ്യത്വ ശക്തികൾ തങ്ങൾക്ക് ലാഭം കുന്നുകൂട്ടുന്നതിനുവേണ്ടി ജ്ഞാന സമ്പദ് വ്യവസ്ഥയെ ഉപയോഗിച്ചുവരുന്നുണ്ട്. പ്രമുഖ ബ്രാൻഡുകൾ ഇതിന് ഉദാഹരണങ്ങളാണ്. അവരുടെ ഉൽപ്പന്നത്തിന് മാർക്കറ്റ് ഉറപ്പാക്കാൻ അവർ നിരന്തരം പഠിക്കുകയും നൂതനമായ കാര്യങ്ങൾ നടപ്പിലാക്കുകയും നിരന്തരം മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്യുന്നു. കോർപ്പറേറ്റുകളുടെ രീതിയല്ല കേരളം പിന്തുടരുന്നത്. ബദലുകളിൽ ഊന്നിക്കൊണ്ട് പുതിയൊരു കേരള മാതൃക സൃഷ്ടിക്കുകയാണ്. ജനകീയമായാണ് ഇതിലേക്ക് പോകുന്നത്. കോർപ്പറേറ്റുകൾ ബുദ്ധിജീവികളെ മാത്രം ആശ്രയിച്ച് ജ്ഞാന സമൂഹത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളം ആബാലവൃദ്ധത്തിന്റേയും കൂട്ടായ സാമൂഹ്യതലമാണ് ഉപയോഗപ്പെടുത്തുന്നത്. സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് വരെ ജ്ഞാനസമൂഹത്തെ സംബന്ധിച്ച ചർച്ചകൾ നടക്കുന്നത് അതിന്റെ ഭാഗമായാണ്. ജ്ഞാനസമൂഹ നിർമ്മിതി എന്നത് എളുപ്പമുള്ള കാര്യമല്ല. നന്നായി ഗൃഹപാഠം ചെയ്ത്, പ്രായോഗികതയിൽ ഊന്നിക്കൊണ്ട് ജ്ഞാന സമൂഹവും ജ്ഞാന സമ്പദ് വ്യവസ്ഥയും യാഥാർത്ഥ്യമാക്കിയാൽ വികസിത രാജ്യങ്ങൾക്കൊപ്പമുള്ള ജീവിത നിലവാരത്തിലേക്ക് കേരളം ഉയരുമെന്നത് ഉറപ്പാണ്.

നിയമസഭാ മന്ദിരത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു

നിയമസഭാ മന്ദിരത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ 2023 മേയ് 22 ാം തീയതി ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഉദ്ഘാടനം ചെയ്തു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ സ്വാഗതം ആശംസിച്ച ചടങ്ങിൽ കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പട്ടികജാതി, പട്ടിക വർഗ, പിന്നാക്ക ക്ഷേമ വികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 2023 ലെ കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം സംബന്ധിച്ച സുവനീർ 'LEGIS LIT'ന്റെ പ്രകാശനവും നിയമസഭാ കോംപ്ലക്സിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിച്ചു. ചടങ്ങിൽ മന്ത്രിമാർ, നിയമസഭാംഗങ്ങൾ, മുൻ നിയമസഭാംഗങ്ങൾ, മുൻ നിയമസഭാ ജീവനക്കാർ തുടങ്ങിയവരും പങ്കെടുത്തു.

നിയമനിർമ്മാണ കാര്യത്തിൽ കേരളം മറ്റ് നിയമസഭകൾക്ക് മാതൃകയാണെന്നും നിയമനിർമ്മാണത്തിൽ ഉയർന്ന നിലവാരവും അന്തസ്സും പുലർത്തുവാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞെന്നും കഴിഞ്ഞ അറുപത് വർഷങ്ങൾ കൊണ്ട് ജനങ്ങളുടെ ഭാഗധേയത്തെ സ്വാധീനിക്കാൻ കഴിഞ്ഞ 3447 നിയമനിർമ്മാണങ്ങൾ കേരള നിയമസഭ നടത്തിയിട്ടുണ്ടെന്നും നിയമസഭാ സ്പീക്കർ സൂചിപ്പിച്ചു. കേരള നിയമസഭ പാസാക്കിയ പല നിയമങ്ങളുടേയും ചുവടു പിടിച്ച് വിവിധ സംസ്ഥാനങ്ങളും കേന്ദ്ര

ശേഷം 10 -ാം പേജിൽ

മൊഴിമുഴക്കം



"സമ്പത്തിനേക്കാൾ പ്രാധാന്യം ജ്ഞാനത്തിന് നൽകാം. ഒന്ന് നശ്വരവും മറ്റേത് കാലാതിവർത്തിയുമാണ് "

സോക്രട്ടീസ്

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

കോടിയേരി ബാലകൃഷ്ണൻ സ്മാരക സാന്ത്വന കേന്ദ്രം

എ.എൻ. ഷംസീർ
തലശ്ശേരി

മലബാർ കാൻസർ സെന്ററിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശ്രയമാകാൻ മുൻ മന്ത്രിയും കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന കോടിയേരി ബാലകൃഷ്ണൻ രൂപം നൽകിയ ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ പീഡിയാട്രിക് വാർഡിന്റെ ഉദ്ഘാടനവും കോടിയേരി ബാലകൃഷ്ണൻ സ്മാരക സാന്ത്വനകേന്ദ്രം എന്ന പുനർനാമകരണവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കോടിയേരി ബാലകൃഷ്ണന്റെ ഇച്ഛാശക്തിയിലും നേതൃത്വത്തിലുമാണ് 2016 ൽ ആശ്രയ ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിച്ചത്. ഇന്ന് മലബാർ കാൻസർ സെന്ററിൽ എത്തിച്ചേരുന്ന നിരവധിയായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശ്രയ ഒരു അഭയകേന്ദ്രമാണ്. കോടിയേരിയുടെ ദീർഘവീക്ഷണത്തിൽ ആരംഭിച്ച ആശ്രയ അദ്ദേഹം വിടപറഞ്ഞശേഷവും പാവപ്പെട്ടവർക്ക് താങ്ങായും തണലായും പ്രവർത്തിച്ചു വരികയാണ്. അദ്ദേഹത്തോടുള്ള ആദരവെന്നോണം ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ ഭാരവാഹികൾ ഈ സ്ഥാപനത്തിന് അദ്ദേഹത്തിന്റെ പേര് നൽകണം എന്ന് തീരുമാനിക്കുകയായിരുന്നു.

അഖില കേരള വനിതാ ടി – 20 ക്രിക്കറ്റ് ടൂർണമെന്റ്

തലശ്ശേരിയിൽ സംഘടിപ്പിച്ച കോടിയേരി ബാലകൃഷ്ണൻ സ്മാരക അഖില കേരള വനിതാ ടി-20 ക്രിക്കറ്റ് ടൂർണമെന്റിന്റെ സമാപന ചടങ്ങ് സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. ഇൻഡ്യൻ ക്രിക്കറ്റിന്റെ ചരിത്രഭൂമിയായ തലശ്ശേരിയുടെ ഇന്നുകാണുന്ന വികസന കുതിപ്പിന് ചുക്കാൻ പിടിച്ച അന്തരിച്ച മുൻ എം.എൽ.എ. കോടിയേരി ബാലകൃഷ്ണന്റെ പേരിൽ തലശ്ശേരിയിൽ നടന്ന ഈ ടൂർണമെന്റ് കായികലോകത്തിന് പുത്തനുണർവ്വ് നൽകുന്നതാണ്. ശാസ്ത്ര കായിക മേഖലകളുടെയെല്ലാം ഉന്നമനത്തിനായി എല്ലാ കാലത്തും കോടിയേരി ബാലകൃഷ്ണൻ വഹിച്ച പങ്ക് വളരെ വലുതാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

നവീകരിച്ച കോട്ടയ്ക്കൽ ബസ് സ്റ്റാൻഡ്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
കോട്ടയ്ക്കൽ

നവീകരണം പൂർത്തിയാക്കിയ കോട്ടയ്ക്കൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. ബസ് സ്റ്റാൻഡിന്റെ ഉദ്ഘാടനം തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷും ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം ഇ.ടി.മുഹമ്മദ് ബഷീർ എം.പി.യും ചരിത്ര സ്മാരകത്തിന്റെ ഉദ്ഘാടനം കോട്ടയ്ക്കൽ ആര്യ വൈദ്യശാല മാനേജിംഗ് ട്രസ്റ്റി ഡോ.പി.എം. വാരിയരും നിർവഹിച്ചു. ഇരുപത്തിയേഴ് കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. പഴയ ബസ് സ്റ്റാൻഡ് പൊളിച്ചാണ് പുതിയ ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചത്. നൂറ്റിനാല് കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഇരുപത്തിയഞ്ച് ബസുകൾക്ക് ഒരേ സമയം പാർക്ക് ചെയ്യാനും മുകൾ നിലയിൽ ഒരേ സമയം നൂറോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും സൗകര്യമുണ്ട്. ചുറ്റും വിശാലമായ റിങ്ങ് റോഡ്, ബസ് ബേ, ഇതിന് പുറമേ ആധുനിക ശുചിമുറികൾ. യാത്രക്കാർക്ക് വിശ്രമിക്കാനുള്ള സ്ഥലം, ലിഫ്റ്റ് , ജനറേറ്റർ, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പി.ഉബൈദുള്ള എം.എൽ.എ. തുടങ്ങി ഒട്ടേറെ പ്രമുഖർ പങ്കെടുത്തു.

മേൽമുറി വില്ലേജ് ഇനി സ്മാർട്ട് വില്ലേജ്

കോട്ടയ്ക്കൽ മണ്ഡലത്തിലെ മേൽമുറി വില്ലേജ് ഓഫീസിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം റവന്യൂ- ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ നിർവ്വഹിച്ചു. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച നാൽപത്തിനാല് ലക്ഷം രൂപ വിനിയോഗിച്ചാണ് വിപുലമായ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിച്ചത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ ജില്ലാ കളക്ടർ വി.ആർ.പ്രേംകുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

മുരിക്കുംവയൽ, പനയ്ക്കച്ചിറ, കൊമ്പുകുത്തി ഗവ. സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മുണ്ടക്കയം, കോരുത്തോട് ഗ്രാമ പഞ്ചായത്തുകളിലെ പിന്നാക്ക പ്രദേശങ്ങളായ മുരിക്കുംവയൽ, പുഞ്ചവയൽ, പനയ്ക്കച്ചിറ, കൊമ്പുകുത്തി പ്രദേശങ്ങളിലെ ഗവൺമെന്റ് സ്കൂളുകൾക്കായി നിർമ്മിച്ച പുതിയ സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിച്ചു. പുതിയ കെട്ടിടത്തിൽ സ്മാർട്ട് ക്ലാസ് മുറികൾ, ലാബ്, ലൈബ്രറി എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മുരിക്കുംവയൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു കോടി രൂപ വിനിയോഗിച്ച് സയൻസ് ലാബും, ലൈബ്രറിയും മുപ്പത് ലക്ഷം രൂപ വിനിയോഗിച്ച് സംരക്ഷണ ഭിത്തിയും നിർമ്മിച്ചു. പനയ്ക്കച്ചിറ ഗവൺമെന്റ് ഹൈസ്കൂളിലും കോട്ടയം ജില്ലയിലെ ഏക ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളായ കൊമ്പുകുത്തി ഹൈസ്കൂളിലും രണ്ട് കോടി രൂപ വീതം വിനിയോഗിച്ച് പുതുതായി ബഹുനില മന്ദിരങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗങ്ങളിൽ ആന്റോ ആന്റണി എം.പി. മുഖ്യപ്രഭാഷണം നടത്തി. ഉദ്ഘാടന യോഗങ്ങളിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

കൂമ്മൻതോട് പാലം ഉദ്ഘാടനം

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരി- ഒളകര-പെരുവള്ളൂർ റോഡിൽ പുനർനിർമ്മിച്ച കൂമ്മൻതോട് പാലത്തിന്റെയും അനുബന്ധ റോഡുകളുടെയും ഉദ്ഘാടനം സ്ഥലം എം.എൽ.എ. പി. അബ്ദുൽ ഹമീദ് അദ്ധ്യക്ഷനായ ചടങ്ങിൽ പൊതുമരാമത്ത്, വിനോദ സഞ്ചാര വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. നിലവിലുണ്ടായിരുന്ന അൻപത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഇടുങ്ങിയ ഒറ്റവരി പാലം പൊളിച്ച് വീതി കൂട്ടിയാണ് പുനർ നിർമ്മിച്ചത്.

തോടിന്റെ ഇരുകരയോടും ചേർന്ന ഭാഗങ്ങളിൽ 19.850 മീറ്റർ നീളമുള്ള ഓരോ സ്പാനുകളും മധ്യത്തിൽ 20.00 മീറ്റർ നീളമുള്ള ഒരു സ്പാനും അടക്കം പാലം ആകെ 60.70 മീറ്റർ നീളത്തിലും 7.50 മീറ്റർ വീതിയിൽ കാര്യേജ് വേയും ഇരുവശങ്ങളിലുമായി 1.50 മീറ്റർ വീതിയിൽ നടപ്പാതകളും ഉൾപ്പെടുത്തി 11.00 മീറ്റർ വീതിയിലുമാണ് നിർമിച്ചിരിക്കുന്നത്. പടിക്കൽ ഭാഗത്തേക്ക് എഴുപത്തിയെട്ട് മീറ്റർ നീളത്തിലും കാടപ്പടി ഭാഗത്തേക്ക് ഇരുന്നൂറ്റി നാൽപത്തി രണ്ട് മീറ്റർ നീളത്തിലും ബി.എം. ആന്റ് ബി.സി. നിലവാരത്തിലുള്ള അനുബന്ധ റോഡും നിർമിച്ചിട്ടുണ്ട്.

സ്കൂളുകൾക്ക് പുതിയ ബസ്

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 20.10 ലക്ഷം രൂപയും 13.50 ലക്ഷം രൂപയും ചെലവഴിച്ച് കാച്ചാണി ഹൈസ്ക്കൂളിനും കുലശേഖരം യു.പി. സ്കൂളിനുമായി വാങ്ങിയ സ്കൂൾ ബസുകൾ ഇരു സ്കൂളുകളിലും നടന്ന ചടങ്ങുകളിൽ വി.കെ പ്രശാന്ത് എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. കാച്ചാണി ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ വാർഡ് കൗൺസിലർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സ്കൂൾ ഹെഡ്മിസ്ട്രസ്, പി.റ്റി.എ പ്രസിഡന്റ് തുടങ്ങിയവരും കുലശേഖരം യു.പി. സ്കൂളിൽ നടന്ന ചടങ്ങിൽ വാർഡ് കൗൺസിലർ, വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, പി.റ്റി.എ. പ്രസിഡന്റ് എന്നിവരും പങ്കെടുത്തു.

വഴയില – മുക്കോല റോഡ്

ബി.എം ആന്റ് ബി.സി. നിലവാരത്തിൽ നവീകരിച്ച വഴയില- മുക്കോല റോഡ് ഉദ്ഘാടനം ചെയ്തു. രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കേരളത്തിലെ പതിനെട്ട് റോഡുകളുടെ ഉദ്ഘാടനം ആലപ്പുഴ വൈ.എം.സി.എ. കോമ്പൗണ്ടിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിയിൽ ഓൺലൈനായി മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മൂന്നു കോടി രൂപ ചെലവഴിച്ചാണ് വഴയില-മുക്കോല റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. വേറ്റിക്കോണം ജംഗ്ഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ എം.എൽ.എ. വി.കെ. പ്രശാന്ത് ശിലാഫലകം അനാച്ഛാദനം ചെയ്തു. ട്രിഡ ചെയർമാൻ, തിരുവനന്തപുരം നഗരസഭ മരാമത്ത് കമ്മിറ്റി ചെയർമാൻ, സംഘാടക സമിതി അംഗങ്ങൾ,റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പേരൂർക്കട ഗവ. ജി.എച്ച്.എസ്.എസിന് പുതിയ കെട്ടിടം

പേരൂർക്കട ഗവ. ജി.എച്ച്.എസ്.എസിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവഹിച്ചു. വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ പ്രശാന്ത് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 2.84 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന 3 നില മന്ദിരത്തിൽ ഹൈടെക്ക് ക്ലാസ് മുറികൾ, ആഡിറ്റോറിയം, അടുക്കള, ഡൈനിംഗ് ഹാൾ, ശുചിമുറികൾ, സ്റ്റാഫ് റൂം, ഡിജിറ്റൽ ലൈബ്രറി എന്നിവയുണ്ടാകും. പതിനെട്ട് മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിലെ സ്കൂൾ കെട്ടിടത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ക്ലാസ് മുറികൾ നിർമ്മിക്കുന്ന പ്രവൃത്തിയും ഉടൻ ആരംഭിക്കും. ട്രിഡ ചെയർമാൻ, തിരുവനന്തപുരം നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സ്കൂൾ പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ്, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, പി.റ്റി.എ. പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കൈമാറ്റചന്ത

വിഭവങ്ങളുടെ വിവേകപൂർവമുള്ള വിനിയോഗം സാധ്യമാക്കുന്നത് ലക്ഷ്യമിട്ട് വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്ന ഫ്ളീ മാർക്കറ്റിന്റെ നാലാമത് എഡിഷൻ 2023 മെയ് 11 മുതൽ 14 വരെ കേരള യൂണിവേഴ്സിറ്റിയുടെ പി.എം.ജി. യിലുള്ള സ്റ്റുഡന്റ് സെന്ററിൽ സംഘടിപ്പിച്ചു. വീടുകളിലും സ്ഥാപനങ്ങളിലും കാലാകാലങ്ങളായി ഉപയോഗിക്കാതെ വച്ചിരിക്കുന്ന പുനരുപയോഗമൂല്യമുള്ള വസ്തുക്കൾ ആവശ്യക്കാരിലേക്കെത്തിക്കുന്നതിനുള്ള വേദിയാണ് കൈമാറ്റച്ചന്ത.

ആദ്യത്തെ രണ്ട് ഫ്ളീ മാർക്കറ്റുകളിലും ഉൽപ്പന്നങ്ങളുടെ കൈമാറ്റം തികച്ചും സൗജന്യമായിരുന്നുവെങ്കിലും കഴിഞ്ഞ തവണ കൈമാറ്റചന്തയുടെ സംഘാടനത്തിനാവശ്യമായ തുക കണ്ടെത്തുന്നതിലേക്കായി നാമമാത്രമായ ഹാൻഡിലിംഗ് ചാർജ്ജ്, ഉൽപ്പന്നങ്ങൾ കൈപ്പറ്റുന്നവരുടെ കൈയിൽ നിന്നും ഈടാക്കിയിരുന്നു. ഇത്തവണ ഉൽപ്പന്നങ്ങൾ കൈപ്പറ്റുന്നവരിൽ നിന്നും കുറച്ചു കൂടി ഉയർന്ന തുക ഈടാക്കുന്നതിനും ആ തുക ഉപയോഗിച്ച് വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ഏറ്റവും അർഹതയുള്ള ഒരു കുടുംബത്തിന് വീട് വച്ചു നൽകുന്നതിനും ലക്ഷ്യമിടുന്നു.

ഫ്ളീ മാർക്കറ്റിന് മുന്നോടിയായി സാധനങ്ങൾ ശേഖരിക്കുന്നതിനായി കളക്ഷൻ ഡ്രൈവും സംഘടിപ്പിച്ചിരുന്നു. നമുക്ക് ഉപയോഗമില്ലാത്തതും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ വസ്തുക്കൾ മാലിന്യമായി പുറന്തള്ളാതെ ആവശ്യക്കാരിലേക്കെത്തിക്കാൻ ഫ്ളീ മാർക്കറ്റിലൂടെ സാധിക്കും. പുനരുപയോഗ സാധ്യതയുള്ളതും വൃത്തിയായതുമായ ഉൽപന്നങ്ങളും വസ്തുക്കളുമാണ് ഇത്തരത്തിൽ കൈമാറ്റം ചെയ്തത്.

സ്പീക്കറുടെ പൊതുപരിപാടികൾ

ആർ. ബാലകൃഷ്ണപിള്ള അനുസ്മരണം

മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ളയുടെ രണ്ടാം ചരമ വാർഷികദിനത്തിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടിയുടെ ഉദ്ഘാടനം കൊട്ടാരക്കരയിൽ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. 1960 ൽ 25 ാം വയസ്സിൽ രണ്ടാം കേരള നിയമസഭയിലേക്ക് പത്തനാപുരത്തു നിന്നും തെരഞ്ഞെടുക്കപ്പെടുമ്പോൾ ഏറ്റവും പ്രായം കുറഞ്ഞ സാമാജികൻ എന്ന റെക്കോഡ് ആർ.ബാലകൃഷ്ണപിള്ളക്കായിരുന്നു. തുടർന്ന് അഞ്ച്, ആറ്,ഏഴ്, എട്ട്, ഒൻപത്, പത്ത്, പതിനൊന്ന് നിയമസഭകളിൽ കൊട്ടാരക്കരയിൽ നിന്നുള്ള അംഗമായും അദ്ദേഹം പ്രവർത്തിച്ചു.

1971-77 കാലയളവിൽ മാവേലിക്കരയിൽ നിന്നും ലോക്സഭാംഗമായി. ലോക്സഭാംഗം ആയിരിക്കെ 1975 ൽ അച്ചുതമേനോൻ മന്ത്രിസഭയിൽ അംഗമായി. വിവിധ മന്ത്രിസഭകളിൽ ഗതാഗതം, വൈദ്യുതി വകുപ്പുകളുടെ ചുമതലകൾ വഹിച്ച ബാലകൃഷ്ണപിള്ള, കേരള നിയമസഭയുടെ ഹൗസ് കമ്മിറ്റി ചെയർമാനായി 1962 മുതൽ 1963 വരെ പ്രവർത്തിച്ചു.

കേരള സംസ്ഥാന മുന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ, കേരള കോൺഗ്രസ് (ബി) ചെയർമാൻ, കേരള കോൺഗ്രസിന്റെ ലോക്സഭയിലെ കക്ഷി നേതാവ്. കേരള കോൺഗ്രസിന്റെ സ്ഥാപക ജനറൽ സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. പത്തനാപുരത്തിന്റെയും മാവേലിക്കരയുടെയും വളർച്ചയിൽ ബാലകൃഷ്ണപിള്ളയുടെ കയ്യൊപ്പുണ്ട്. അദ്ദേഹത്തിന്റെ വികസന പ്രവർത്തനങ്ങൾ മകൻ കെ.ബി ഗണേഷ് കുമാർ എം.എൽ .എ മാതൃകാപരമായി മുന്നോട്ടു കൊണ്ടുപോകുന്നു എന്നത് ശ്ലാഘനീയമാണ്. ചടങ്ങിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, കൊടിക്കുന്നിൽ സുരേഷ് എം.പി, പത്തനാപുരം എം.എൽ.എ. കെ.ബി. ഗണേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

കേരളത്തെ കായിക മികവുള്ള സംസ്ഥാനമാക്കി മാറ്റുക സർക്കാർ ലക്ഷ്യം

കേരളത്തെ കായിക മികവുള്ള സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള തീവ്രശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. സംസ്ഥാന മന്ത്രിസഭാ വാർഷികാഘോഷ പരിപാടിയുടെ ഭാഗമായുള്ള 'എന്റെ കേരളം' പ്രദർശന വിപണന മേളയുടെ പ്രചരണാർത്ഥം പത്തനംതിട്ടയിൽ സംഘടിപ്പിച്ച സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കായികരംഗം മികവുറ്റതാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോട് കൂടിയ കളിസ്ഥലങ്ങളാണ് നിർമ്മിച്ചു വരുന്നത്. ഇതിലൂടെ മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കും. അതോടൊപ്പം ലഹരി വിമുക്ത കായിക രംഗം വളർത്തിയെടുക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളും നടന്നു വരുന്നു. ലഹരി മുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള

സർക്കാർ പ്രഖ്യാപിത നയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാകണം കായിക മേളകൾ സംഘടിപ്പിക്കേണ്ടതെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

ചന്തപ്പുര വണ്ണാത്തിക്കടവിൽ പുതിയ പാലം

എം. വിജിൻ
കല്ല്യാശ്ശേരി

ചന്തപ്പുര വണ്ണാത്തിക്കടവിൽ പുതിയ പാലത്തിന്റെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്ത് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ സ്ഥലം എം.എൽ.എ. എം. വിജിൻ അദ്ധ്യക്ഷത വഹിച്ചു. പിലാത്തറ മാതമംഗലം റോഡിലെ പ്രധാന പാലവും മലയോര മേഖലയിലെ ജനങ്ങൾ ഏറെ ആശ്രയിക്കുന്ന പാലവുമാണ് വണ്ണാത്തിക്കടവ് പാലം. നിലവിലുള്ള വീതി കുറഞ്ഞ പാലം മാറ്റിസ്ഥാപിക്കണമെന്ന ജനങ്ങളുടെ ഏറെ നാളത്തെ ആവശ്യമാണ് ഇതോടെ യാഥാർത്ഥ്യമായത്.

പാലത്തിന് 7.50 മീറ്റർ വീതിയിൽ കാര്യേജ് വേയും, ഇരുവശങ്ങളിലായി 1.50 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടെ ആകെ 11 മീറ്റർ വീതിയും, 140 മീറ്റർ നീളവുമുണ്ട്. ചന്തപ്പുര ഭാഗത്ത് 320 മീറ്റർ നീളത്തിൽ അനുബന്ധ റോഡും മാതമംഗലം ഭാഗത്ത് 70 മീറ്റർ നീളത്തിൽ സമീപ റോഡുകളുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റ് ബീമുകൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് ഈ പാലത്തിന് സ്വീകരിച്ചിട്ടുള്ളത്. പാലം നിർമാണത്തിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 8.49 കോടി രൂപയാണ് അനുവദിച്ചത്.

രാജ് മോഹൻ ഉണ്ണിത്താൻ എം. പി., രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ., മുൻ എം.എൽ.എ. ടി.വി. രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം

ചെറുകുന്ന് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. ചടങ്ങിൽ എം. വിജിൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച മൂന്ന് കോടി രൂപ വിനിയോഗിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്.

താഴത്തെ നിലയിൽ ആറ് ക്ലാസ് മുറികളും ഒരു ലാബും ഒരു സ്റ്റോർ റൂമും ഒന്നാം നിലയിൽ നാല് ക്ളാസ് മുറികളും ഇരുനിലകളിലും കൂടി മൂന്നു ടോയ്‌ലറ്റും കെട്ടിടത്തിന്റെ ഇരുവശത്തും ഗോവണികളും ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക ടോയ്‌ലറ്റ് സൗകര്യവും റാമ്പും ആവശ്യമായ ജല വിതരണ സംവിധാനവും ഒരുക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻഭാഗത്ത് ഇന്റർലോക്ക്

ടൈൽ പാകി മനോഹരമാക്കിയിട്ടുണ്ട്. പൊതുമേഖല സ്ഥാപനമായ വാപ്കോസ് ലിമിറ്റഡ് ആണ് പ്രവൃത്തിയുടെ സാങ്കേതിക മേൽനോട്ടവും നിർവഹണവും നടത്തിയത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ ഓർഡിനേറ്റർ, എസ്. എസ്. കെ. ജില്ലാ കോ ഓർഡിനേറ്റർ എന്നിവരും വാപ്കോസ് പ്രൊജക്ട് പ്രതിനിധി, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

പ്രതിപക്ഷ നേതാവിന്റെ പേജ്

ഭവന സ്വപ്നം മരീചികയാകരുത്

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

ഒരു ക്ഷേമ രാഷ്ട്രം എന്ന നിലയിൽ ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്നത് തങ്ങളുടെ പൗരന്മാരുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനവും അവർക്ക് തുല്യ അവസരവും തുല്യനീതിയും സമ്പത്തും പ്രദാനം ചെയ്യുക എന്നതാണ്. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ ജനങ്ങളെ പ്രാപ്തരാക്കുകയെന്നതാണ് സർക്കാരുകളുടെ ഉത്തരവാദിത്വവും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് വേണ്ടിയാണ് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും പാർപ്പിടവും വസ്ത്രവുമാണെന്നുള്ള സമീപനം അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കപ്പെട്ടിട്ടുള്ളത്. രാഷ്ട്രങ്ങളുടെ വികസന നയത്തിൽ പൗരന്റെ ക്ഷേമത്തിനാണ് പ്രഥമ സ്ഥാനം. തങ്ങളുടെ രാഷ്ട്രത്തിലെ പൗരന്മാരുടെ ഭൗതിക സാഹചര്യങ്ങളും ജീവിത നിലവാരവും ഉറപ്പാക്കേണ്ടത് രാഷ്ട്രപുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. സാധാരണക്കാരന്റെ ജീവിത സ്വപ്നങ്ങൾക്ക് നിറം പകരേണ്ട സർക്കാർ തങ്ങളുടെ നയ സമീപനങ്ങൾമൂലം അവനെ ഏതൊക്കെ തരത്തിൽ പ്രതിസന്ധിയിലാക്കുമെന്ന കാര്യം പരിശോധിക്കേണ്ടതാണ്. വ്യക്തിയുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്വന്തമായി വീട് എന്ന സ്വപ്നം.

കെട്ടിട നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ, ഇഷ്ടിക, മണൽ എന്നിവയുടെ വില 2023 ൽ 30% വരെ വർദ്ധിച്ചിട്ടുണ്ട്. സിമന്റ് വില പായ്ക്കറ്റിന് 320 രൂപയിൽ നിന്നും 450 രൂപയായും കമ്പിയുടെ വില കിലോയ്ക്ക് 45 രൂപയിൽ നിന്നും 60 രൂപയായും ഉയർന്നിട്ടുണ്ട്. കൂടാതെ പ്ലംബിംഗ്, ഇലക്ട്രിക്കൽ സാധനങ്ങൾക്കും 15% വിലയാണ് വർദ്ധിച്ചത്. വിദഗ്ധരായ നിർമ്മാണത്തൊഴിലാളികളുടെ കൂലിയിലും വൻ വർദ്ധനവ് ഉണ്ട്. ചുരുക്കത്തിൽ ഭവനനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും ക്രമാതീതമായ വില വർദ്ധനവും മൂലം രണ്ട് മുറിയും അടുക്കളയുമടങ്ങുന്ന 450 ച. അടി വരുന്ന ഒരു വീടിന്റെ നിർമ്മാണത്തുക 5 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. അതായത് 50% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇങ്ങനെ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലം സാധാരണക്കാരന് ഭവനം എന്ന സ്വപ്നം സഫലമാക്കാൻ കഴിയാതെയിരിക്കുന്ന അവസ്ഥയിൽ അതിന് പിന്തുണ നൽകേണ്ട സർക്കാർ അധിക വരുമാനമെന്ന ലക്ഷ്യം മുൻനിർത്തി കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിലും കെട്ടിട നികുതിയിലും വരുത്തിയിട്ടുള്ള അന്യായമായ വർദ്ധനവ് പ്രതിസന്ധിയുടെ ആഴങ്ങളിലേക്ക് സാധാരണക്കാരെ തള്ളിവിടുന്നതാണ്.

വിലക്കയറ്റവും നികുതി വർദ്ധനവും യുക്തിസഹമല്ലാതെയും ജനസൗഹൃദമല്ലാതെയും ആകുന്നത് തികച്ചും പ്രതിലോമകരമാണ്. ഇന്ധന സെസ്സ് ഏർപ്പെടുത്തിയത് മൂലമുള്ള വിലവർധനവും അതിന്റെ കാസ്കേഡിംഗ് എഫക്റ്റും (നിർഝര പ്രഭാവവും) ദുരിതപൂർണ്ണമാക്കിയ ജീവിതത്തിൽ സാധാരണക്കാരന്റെ ക്രയശേഷി നിത്യേന കുറഞ്ഞുവരികയാണ്. വെള്ളക്കരവും വൈദ്യുത ചാർജ്ജുമൊക്കെ ഇതോടൊപ്പം ഉയർത്തിയിട്ടുണ്ട്. ജനജീവിതത്തെക്കുറിച്ച് കൃത്യമായ വീക്ഷണമോ ചിന്തയോ ഇല്ലാതെ നടത്തുന്ന ചുങ്കം പിരിക്കൽ അവരെ സാമ്പത്തിക ദുരിതത്തിലേക്ക് നയിക്കുന്നു. 2023-24 ലെ ബജറ്റിലൂടെയുള്ള നികുതി വർദ്ധിപ്പിക്കൽ മൂലം ഉരുത്തിരിഞ്ഞിട്ടുള്ള സാഹചര്യം കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഒരു വ്യക്തിക്ക് വീട് വയ്ക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെർമിറ്റെടുക്കാനുള്ള അപേക്ഷാ ഫീസ് 30 രൂപയിൽ നിന്നും ആയിരം രൂപ മുതൽ 5000 രൂപ വരെയായി വർദ്ധിപ്പിച്ചിരിക്കുന്നു. പെർമിറ്റ് ഫീസ് തുകയും നിലവിലുള്ള 525 രൂപയുടെ പത്തിരട്ടിയോളം ഉയർത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 1,615 സ്ക്വയർ ഫീറ്റ് (150 ച.മീറ്റർ) വീട് നിർമ്മിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ നിലവിൽ നൽകേണ്ട അപേക്ഷാ ഫീസായ 30 രൂപയ്ക്ക് പകരം ആയിരം രൂപ നൽകണം. പെർമിറ്റ് ഫീസ് 525 രൂപയിൽ നിന്നും ഒരു ചതുരശ്ര മീറ്ററിന് 50 രൂപ എന്ന നിരക്കിൽ ഉയർത്തിയിട്ടുണ്ട്. അതായത് 555 രൂപ 8,500 രൂപയിലേക്കാണ് ഉയരുന്നത്.

നഗരപരിധിയിലുണ്ടായിരുന്ന അപേക്ഷാ ഫീസ് 30 രൂപയും 150 ചതുരശ്ര മീറ്റർ വീടിന് പെർമിറ്റ് ഫീസ് 525 രൂപയുമായിരുന്നു. എന്നാൽ പുതിയ നിരക്ക് അനുസരിച്ച് അപേക്ഷ ഫീസ് 1000 രൂപയായും പെർമിറ്റ് ഫീസ് 10,500 രൂപയായും ഉയരും. അതായത് മൊത്തം ചെലവ് 555 രൂപയിൽ നിന്നും 11,500 രൂപയായി വർദ്ധിക്കും.

കോർപ്പറേഷൻ പരിധിയിൽ വർദ്ധനവിനു മുമ്പ് നൽകേണ്ടിയിരുന്ന അപേക്ഷാ ഫീസ് 50 രൂപയും 150 ച.മീ. വരെയുള്ള വീടിന് പെർമിറ്റ് ഫീസ് 750 രൂപയുമായിരുന്നു. അപേക്ഷാ ഫീസ്, 50 രൂപയിൽ നിന്നും 1,000 രൂപയിലേക്കും പെർമിറ്റ് ഫീസ് 15,000 രൂപയായും ഉയരും. അതായത് 800 രൂപയിൽ നിന്നും 16,000 രൂപയായി ഫീസ് ഉയരും. 250 ച.മീ. വീടാണ് നിർമ്മിക്കുന്നത് എങ്കിൽ പഞ്ചായത്തുകളിൽ 1,850 രൂപയിൽ നിന്നും 26,000 രൂപയിലേക്കും നഗരസഭകളിൽ 1,780 രൂപയിൽ നിന്നും 31,000 രൂപയിലേക്കും കോർപ്പറേഷനുകളിൽ 2,550 ൽ നിന്നും 38,500 രൂപയിലേക്കും വർദ്ധിക്കും.

250 ച.മീറ്റർ വീടാണ് നിർമ്മിക്കുന്നതെങ്കിൽ പെർമിറ്റ ഫീസും അപേക്ഷാ ഫീസും പഞ്ചായത്തുകളിൽ നിലവിലുള്ള 1,780 രൂപയിൽ നിന്നും 26,000 രൂപയിലേക്കും നഗരസഭകളിൽ 1,780 രൂപയിൽ നിന്നും 31,000 രൂപയിലേക്കും കോർപ്പറേഷനുകളിൽ 2,550 രൂപയിൽ നിന്നും 38,500 രൂപയിലേക്കും വർദ്ധിപ്പിച്ചിരിക്കുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിനൊപ്പം പെർമിറ്റ് ഫീസും അപേക്ഷാ ഫീസുമൊക്കെ ഉയർത്തിയത് മൂലം സാധാരണക്കാരനുണ്ടാകുന്ന സാമ്പത്തിക ഭാരം വളരെ വലുതാണ്. നികുതി പിരിവിലെ മെല്ലെപ്പോക്കും അനാവശ്യചെലവുകളും മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള എളുപ്പവഴിയായി സമസ്ത മേഖലയിലും കൂടുതൽ നികുതി പിരിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. ഏകദേശം 5000 കോടി രൂപയാണ് ഈ വർദ്ധനവിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി വരുന്ന സാധാരണക്കാരനെ ഞെക്കിപ്പിഴിയാനുള്ള സർക്കാർ നീക്കം അവധാനതയോടെയല്ലായെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പൗരന്റെ അവകാശാധികാരങ്ങൾ വിസ്മരിക്കാതെയുള്ള ആശ്വാസ നടപടികൾ ഉണ്ടാകണം. വിവിധതരം ഭവന നിർമ്മാണ പദ്ധതികളും വായ്പാ സബ്സിഡിയും പലിശയിളവുമൊക്കെ നല്കി എല്ലാവരെയും സ്വന്തം ഭവനമെന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിക്കേണ്ട സർക്കാർ വൻതോതിൽ നികുതികൾ വർദ്ധിപ്പിച്ച് അവരുടെ ഭവനസ്വപ്നങ്ങൾക്ക് മേൽ കരിനിഴൽ വീഴ്ത്താതെ യാഥാർത്ഥ്യബോധമുൾക്കൊണ്ട് വർദ്ധിപ്പിച്ച നികുതികളും ഫീസുകളും പിൻവലിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

വിപുലമായ പരിപാടികളോടെ നിയമസഭാ ദിനാചരണം

നിയമസഭാ ദിനാഘോഷത്തിന്റെ ഭാഗമായി 2023 ഏപ്രിൽ 27 ന് രാവിലെ നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ എ.എൻ.ഷംസീർ പുഷ്പാർച്ചന നടത്തി. തുടർന്ന് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3 മണിക്ക് ദിനാചരണ ചടങ്ങ് സ്പീക്കർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കേരള നിയമസഭയുടെ ചരിത്രം അവലംബമാക്കി തയ്യാറാക്കിയ 'കേരള നിയമസഭ നാൾ വഴികൾ' എന്ന ലഘു വീഡിയോ പ്രദർശിപ്പിക്കുകയും അച്ചടി - ദൃശ്യ മാധ്യമ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന മാധ്യമ പ്രവർത്തകർക്കായി നിയമസഭ ഏർപ്പെടുത്തിയിട്ടുള്ള 2022 ലെ നിയമസഭാ മാധ്യമ അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. കേരള നിയമസഭയിലെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ

കൈപ്പുസ്തകത്തിന്റെ പ്രകാശനം സ്പീക്കർ എ.എൻ. ഷംസീർ പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് നൽകി നിർവഹിച്ചു. പരിപാടിയോടനുബന്ധിച്ച് ഇന്റേൺഷിപ്പിനായി എത്തിയ നിയമ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി പ്രശ്നോത്തരി സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ വിവിധ ജില്ലകളിലെ ലോ കോളേജുകളിൽ നിന്നും രണ്ട് വിദ്യാർത്ഥികൾ വീതമുള്ള ആറ് ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. പ്രശ്നോത്തരിയിലെ വിജയികൾക്കുള്ള പുരസ്കാരങ്ങൾ നിയമസഭാ സ്പീക്കർ വിതരണം ചെയ്തു. ദിനാഘോഷത്തോടനുബന്ധിച്ച് 2023 ഏപ്രിൽ 25 മുതൽ മേയ് 2 വരെ നിയമസഭ ദീപാലംകൃതമായിരുന്നു. ഈ ദിവസങ്ങളിൽ രാവിലെ 10.30 മുതൽ രാത്രി 8.00 വരെ നിയമസഭാ ഹാളിലും നിയമസഭാ മ്യൂസിയത്തിലും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരുന്നു.

2022 ലെ മാധ്യമ അവാർഡ് വിതരണം

നിയമസഭയുടെ പ്രവർത്തനം പൊതു സമൂഹത്തെ അറിയിക്കുന്നതിനായി മാധ്യമ രംഗത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്തുന്ന മാധ്യമ സൃഷ്ടികൾക്കുള്ള നിയമസഭാ മാധ്യമ അവാർഡിന്റെ 2022 വർഷത്തെ പുരസ്കാരങ്ങൾ 2023 ഏപ്രിൽ 27 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന പരിപാടിയിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ വിതരണം ചെയ്തു.

അച്ചടി മാധ്യമ വിഭാഗത്തിൽ ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന് മെട്രോ വാർത്തയിലെ എം. ബി. സന്തോഷ് (മലയാളത്തെ തോൽപ്പിക്കുന്ന മിടുക്കർ എന്ന ലേഖനം), ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് മാതൃഭൂമിയിലെ നിലീന അത്തോളി (തള്ളരുത് ഞങ്ങൾ എസ് എം എ രോഗികളാണ് എന്ന പരമ്പര), ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡിന് മലയാള മനോരമയിലെ സുജിത്ത് നായർ (നടുത്തളം, നിയമസഭാ അവലോകനം) എന്നിവരും, ദൃശ്യ മാധ്യമ വിഭാഗത്തിൽ ആർ. ശങ്കരനാനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന് കൈരളി ന്യൂസിലെ ബിജ്ജു മുത്തത്തി (നാഞ്ചിനാടിന്റെ ഇതിഹാസം എന്ന പരിപാടി), ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് ഏഷ്യാനെറ്റ് ന്യൂസിലെ കെ. അരുൺകുമാർ (ആനത്തോഴർ എന്ന പരിപാടി) എന്നിവരും അർഹരായി. അമ്പതിനായിരം രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

മുതിർന്ന പത്ര പ്രവർത്തകനും ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ചെയർമാനുമായ ശശികുമാർ ബി. മേനോൻ അദ്ധ്യക്ഷനും സിബി കാട്ടാമ്പള്ളി, ആർ. പാർവ്വതി ദേവി, എൻ. പി. ഉല്ലേഖ്, നിയമസഭാ സെക്രട്ടറി എ. എം. ബഷീർ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റിക്രൂട്ട്സിനായി പരിശീലന പരിപാടി

കെ - ലാംപ്സ് (പി. എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ. എ. എസ്.) റിക്രൂട്ട്സിനായി ഒരു അറ്റാച്ച്മെന്റ് പരിശീലന പരിപാടി 2023 മേയ് 10, 11 തീയതികളിലായി നിയമസഭാ സമുച്ചയത്തിലെ VE കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ഇരുപത്തിമൂന്ന് കെ.എ.എസ്. റിക്രൂട്ട്സ് പങ്കെടുത്ത പരിശീലന പരിപാടിയിൽ നിയമസഭാ സെക്രട്ടറി സ്വാഗതം ആശംസിക്കുകയും കെ- ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി. സി. ബേബി പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. രാവിലെ 10.30 മുതൽ 12.00 മണി വരെ സംഘടിപ്പിച്ച ആദ്യ സെഷനിൽ നിയമസഭാ നടപടിക്രമങ്ങൾ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ സെക്രട്ടറി, മന്ത്രിമാർ, ചീഫ് വിപ്പ്, സാമാജികർ എന്നിവരുടെ ഉത്തരവാദിത്തങ്ങൾ, ബില്ലുകൾ, സമിതികളുടെ പ്രവർത്തനം എന്നിവയെ സംബന്ധിച്ച് കെ- ലാംപ്സ് (പി. എസ്) ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ വിശദമായ ക്ലാസ് നയിച്ചു. ശേഷം 12.00 മണി മുതൽ 01.00 മണി വരെ നടന്ന രണ്ടാമത്തെ സെഷനിൽ നിയമസഭയുടെ പ്രവർത്തനം, ഗവ. സെക്രട്ടേറിയറ്റും നിയമസഭാ സെക്രട്ടേറിയറ്റും നിയമനിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിൽ വഹിക്കുന്ന പങ്ക്, നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളിലെ ഉദ്യാഗസ്ഥർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, വിശദമായ ക്ലാസ്സ് നയിക്കുകയും സംശയങ്ങൾക്ക് മറുപടി നൻൽകുകയും ചെയ്തു. തുടർന്ന് സംഘം നിയമസഭാ സ്പീക്കറുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്കു ശേഷം 02.00 മണി മുതൽ കെ.എ.എസ്. റിക്രൂട്ട്സ് നിയമസഭാ ചേംബറും നിയമസഭാ സെക്രട്ടേറിയറ്റിലെ നിയമനിർമ്മാണം, ചോദ്യം, ടേബിൾ എന്നീ വിഭാഗങ്ങളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തു. പിന്നീട് VE കോൺഫറൻസ് ഹാളിൽ ടേബിൾ, സബ്ജക്റ്റ് കമ്മിറ്റി വിഭാഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കെ.എ.എസ്. റിക്രൂട്ട്സ് ഉന്നയിച്ച സംശയങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകുകയും ചെയ്തു. കെ- ലാംപ്സ് (പി. എസ്) ജോയിന്റ് ഡയറക്ടർ ദീപ വി. റിക്രൂട്ട്സിന് നിയമസഭയിലെ വിവിധ വിഭാഗങ്ങളെ പരിചയപ്പെടുത്തുകയും ഫയലിംഗിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്തു. പരിശീലന പരിപാടി വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു.

ഇൻഫർമേഷൻ അസിസ്റ്റന്റുമാർക്കായി പരിശീലന പരിപാടി

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയാ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്)ന്റെ ആഭിമുഖ്യത്തിൽ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ അസിസ്റ്റന്റുമാർക്കായി 2023 ഏപ്രിൽ 20 ന് നിയമസഭാ ചരിത്രവും നടപടിക്രമങ്ങളും സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ- ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി സി. ബേബി പരിപാടിയിലേക്ക് ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. ആദ്യ സെഷനിൽ നിയമസഭാ ചരിത്രത്തെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറി ബി. റെജി ക്ലാസ്സ് നയിച്ചു. രണ്ടാമത്തെ സെഷനിൽ കെ- ലാംപ്സ് (പി.എസ്) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ നിയമസഭയുടെ നടപടിക്രമങ്ങൾ, നിയമസഭാ സെക്രട്ടേറിയറ്റിന്റെ വിവിധ വിഭാഗങ്ങളുടെ പൊതുവായ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ ക്ലാസ്സ് നയിക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കെ-ലാംപ്സ് (പി.എസ്) 'എ' വിഭാഗം സെക്ഷൻ ഓഫീസർ ശ്രീവിദ്യ എസ്. കൃതജ്ഞത രേഖപ്പെടുത്തി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള പതിനൊന്ന് ഇൻഫർമേഷൻ അസിസ്റ്റന്റുമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

അച്ചടക്ക നടപടി ചട്ടങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം

കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്)ന്റെ ആഭിമുഖ്യത്തിൽ, The Kerala Legislature Secretariat Services (Control & Appeal) Rules 1982, Manual of Disciplinary Proceedings, Kerala എന്നീ വിഷയങ്ങളിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ തസ്തികകളിലെ ഉദ്യോഗസ്ഥർക്കായി 2023 ഏപ്രിൽ 11, 18 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5 E ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി സി.ബേബി സ്വാഗതം ആശംസിക്കുകയും പരിപാടി സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. തുടർന്ന് നിയമസഭാ സെക്രട്ടറി എ. എം. ബഷീർ പരിശീലനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് സംസാരിച്ചു. ജീവനക്കാരുടെ മേൽ അച്ചടക്ക നടപടിയെടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ ഉദ്യോഗസ്ഥരെ, എൻക്വയറി ഓഫീസർമാരായി നിയമിക്കുമ്പോൾ അവർ ചട്ടങ്ങളും വ്യവസ്ഥകളും കൃത്യമായി പാലിച്ചു മാത്രമേ അന്വേഷണം നടത്താൻ പാടുള്ളൂ എന്നും അതിൽ വ്യക്തത വരുത്തുന്നതിനായി ഇത്തരത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും നിയമസഭാ സെക്രട്ടറി ഓർമ്മിപ്പിച്ചു. സർവീസസ് വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി ആർ. എസ്. സന്തോഷ് കുമാർ Manual of Disciplinary Proceedings നെ ആധാരമാക്കി നിയമസഭാ സെക്രട്ടേറിയറ്റ് സർവീസസ് (കൺട്രോൾ & അപ്പീൽ) റൂൾസ് കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്നും നിയമത്തിൽ കാലാനുസൃതമായി വന്ന ഭേദഗതികൾ സംബന്ധിച്ചും ക്ലാസ്സ് നയിക്കുകയും ഉദ്യോഗസ്ഥർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പരിപാടിയിൽ പതിനാറ് ഡെപ്യൂട്ടി സെക്രട്ടറിമാരും ഇരുപത്തിനാല് അണ്ടർ സെക്രട്ടറിമാരും അമ്പത്തിയാറ് സെക്ഷൻ ഓഫീസർമാരും ഉൾപ്പെടെ തൊണ്ണൂറ്റി ആറ് പേർ പങ്കെടുത്തു. കെ- ലാംപ്സ് (പി. എസ്.) ഡെപ്യൂട്ടി ഡയറക്ടർ പോളി. പി. ആന്റണി നന്ദി രേഖപ്പെടുത്തി.

അസിസ്റ്റന്റുമാർക്കായി സംഘടിപ്പിച്ച ഇൻഡക്ഷൻ പരിശീലന പരിപാടി

നിയമസഭാ സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ പുതിയതായി ജോലിയിൽ പ്രവേശിച്ചവർക്കുള്ള ഇൻഡക്ഷൻ പരിശീലന പരിപാടി 2023 മെയ് 10, 11 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ 5E കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരെ നിയമസഭാ സെക്രട്ടറി സ്വാഗതം ചെയ്തു. കെ- ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി സി. ബേബി പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിച്ചു. രാവിലെ 10.15 മുതൽ 01.00 മണി വരെ സംഘടിപ്പിച്ച ആദ്യ സെഷനിൽ നിയമസഭയുടെ പ്രവർത്തനം, സെക്ഷനുകളിലെ ഫയലുകൾ കൈകാര്യം ചെയ്യേണ്ട വിധം, അസിസ്റ്റന്റുമാർ ഫയലിംഗിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് 'സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ' ആധാരമാക്കി ഡെപ്യൂട്ടി സെക്രട്ടറി ആർ. എസ്. സന്തോഷ് കുമാർ ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന രണ്ടാമത്തെ സെഷനിൽ ജോയിന്റ് സെക്രട്ടറി ഡി.ഡി. ഗോഡ്ഫ്രി നിയമസഭയുടെ നടപടിക്രമങ്ങൾ, നിയമസഭാ സെക്രട്ടേറിയറ്റിന്റെ വിവിധ വിഭാഗങ്ങളുടെ പൊതുവായ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി ക്ലാസ്സെടുത്തു.

പരിശീലനത്തിന്റെ രണ്ടാം ദിവസമായ 2023 മേയ് 11 ന് രാവിലെ നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ ലെജിസ്ലേഷൻ വിഭാഗം നിർവഹിക്കുന്ന ചുമതലകളെ സംബന്ധിച്ച് ഡെപ്യൂട്ടി സെക്രട്ടറി ആർ. ഷാജിയും നിയമസഭാ ചോദ്യങ്ങൾ, ചോദ്യ വിഭാഗത്തിന്റെ പ്രവർത്തനം എന്നിവയെ സംബന്ധിച്ച് അണ്ടർ സെക്രട്ടറി ദിനേഷ് കുമാർ കെ. യും നിയമസഭാ സമിതികളുടെ പ്രവർത്തനം, സമിതി റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്നിവയെ സംബന്ധിച്ച് ഡെപ്യൂട്ടി സെക്രട്ടറി ഡി. ഒ. രെജിയും ക്ലാസ്സ് നയിച്ചു. ശേഷം, കെ-ലാംപ്സ് ഡെപ്യൂട്ടി ഡയറക്ടർ, പോളി പി. ആന്റണി പരിശീലന വേളയിലെ അസിസ്റ്റന്റുമാരുടെ പ്രകടനം വിലയിരുത്തി. എട്ട് അസിസ്റ്റന്റുമാർ പങ്കെടുത്ത പരിശീലന പരിപാടിയിൽ കെ-ലാംപ്സ് (പി.എസ്) 'എ' വിഭാഗം സെക്ഷൻ ഓഫീസർ ശ്രീവിദ്യ എസ്. കൃതജ്ഞത അറിയിച്ചു. വൈകുന്നേരം 5.00 മണിക്ക് പരിശീലന പരിപാടി സമാപിച്ചു.

താളിയോല മ്യൂസിയം സന്ദർശിച്ച് നിയമസഭാ മ്യൂസിയം ഉപദേശക സമിതി

നിയമസഭാ മ്യൂസിയം ഉപദേശക സമിതി 2023 മെയ് 11 ന് പുരാരേഖ വകുപ്പിന്റെ തിരുവനന്തപുരം പടിഞ്ഞാറേ കോട്ടയിലെ താളിയോല മ്യൂസിയം സന്ദർശിച്ചു. സമിതി ചെയർമാൻ കെ. ബാബു (നെന്മാറ), എം.എൽ.എ, എക്സ് ഒഫീഷ്യോ അംഗങ്ങളായ നിയമസഭാ സെക്രട്ടറി എ. എം. ബഷീർ, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ എന്നിവർ സന്ദർശനത്തിൽ പങ്കെടുത്തു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും പുരാരേഖ വകുപ്പ് ഡയറക്ടറുമായ ജെ. രെജികുമാറും പുരാരേഖ വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് സമിതിയെ സ്വീകരിച്ചു. ലോകത്തിലെ ഏറ്റവും വലുതും രാജ്യത്തെ ആദ്യത്തേതുമായ ഈ താളിയോല മ്യൂസിയത്തിൽ പതിനാലാം നൂറ്റാണ്ട് മുതലുള്ള ചരിത്രരേഖകൾ നൂതന സംവിധാനങ്ങൾ ഉപയോഗിച്ച് സംരക്ഷിച്ച് പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രാചീന ലിപികളായ വട്ടെഴുത്ത്, കോലെഴുത്ത്, മലയാൺമ തുടങ്ങിയവയിൽ രചിച്ചിട്ടുള്ള താളിയോലകളുടെ ദൃശ്യാവിഷ്കാരവും ഒരുക്കിയിട്ടുണ്ട്. ചരിത്രശേഷിപ്പുകളുടെ ആവിഷ്കാരത്തോടൊപ്പം താളിയോലയുടെ മാതൃകയും മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഓരോ നൂറ്റാണ്ടിലും ഉപയോഗിച്ച പദങ്ങൾ, ഭാഷയിലും ലിപിയിലുമുണ്ടായ മാറ്റങ്ങൾ തുടങ്ങിയവയുടെ ദൃശ്യാവിഷ്കാരം ചരിത്രവിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമാകുമെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ജനാധിപത്യത്തിന്റെ വികാസത്തോടൊപ്പം സഞ്ചരിച്ച ഒരു ചരിത്ര പശ്ചാത്തലം നിയമസഭാ ലൈബ്രറിക്കുണ്ട്

ഡെപ്യൂട്ടി സ്പീക്കർ

കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദിയോടനുബന്ധിച്ച് മധ്യ മേഖലാ ജില്ലകൾ കേന്ദ്രീകരിച്ചുള്ള പരിപാടി 2023 മേയ് 2 ന് തൃശ്ശൂരിലെ കേരള സംഗീത നാടക അക്കാദമി റീജിയണൽ തീയേറ്ററിൽ സംഘടിപ്പിച്ചു. നിയമസഭാ ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ്, എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. നിയമസഭാ സെക്രട്ടറി എ. എം. ബഷീർ ചടങ്ങിന് സ്വാഗതം ആശംസിച്ചു. നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായാണ് ഒരു വർഷം നീണ്ടു നിൽക്കുന്ന വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും തൃശ്ശൂരിന്റെ സാംസ്കാരിക രാഷ്ട്രീയ പ്രാധാന്യത്തോട് ചേർന്നു നിൽക്കുന്ന വിധം സവിശേഷ രീതിയിലാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്നും ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. ജനാധിപത്യത്തിന്റെ വികാസത്തോടൊപ്പം സഞ്ചരിച്ച ഒരു ചരിത്രപശ്ചാത്തലം നിയമസഭാ ലൈബ്രറിയ്ക്കുണ്ട്. സഭാ രേഖകൾ, ചരിത്ര രേഖകൾ, പൊതു വിജ്ഞാനം, സർഗ്ഗാത്മ രചനകൾ, വിവിധ വിഷയങ്ങളിലെ ആധികാരിക ഗ്രന്ഥങ്ങൾ എന്നിങ്ങനെ വിപുലമായ ശേഖരമാണ് ലൈബ്രറിയുടേത്. അറിവുള്ള സാമാജികരാണ് അർത്ഥവത്തായ ഒരു സഭയെയും ജനാധിപത്യ സംവിധാനത്തെയും രൂപപ്പെടുത്തുന്നത്. അത്തരം സാമാജികരെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ ലൈബ്രറിയുടെ ഒരു നൂറ്റാണ്ടിന്റെ പ്രവർത്തനം സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. വിവര സാങ്കേതിക വിദ്യ ലോകത്തിന്റെ സാങ്കേതിക വിദ്യയായി മാറിയ കാലത്താണ് നമ്മൾ ജീവിക്കുന്നതെന്നും ഇന്റർനെറ്റ് നിത്യ ജീവിതത്തിന്റെ ഭാഗമാകുകയും അതിൽ ജീവിക്കുന്ന ഒരു തലമുറക്കു വേണ്ടിയാണ് നമ്മൾ സംവിധാനങ്ങൾ ഒരുക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. അത്തരത്തിൽ ഇ-നിയമസഭാ പദ്ധതി രൂപപ്പെടുത്തി വരുന്നത് സഭയെ കൂടുതൽ ഫലപ്രദമായി സമൂഹത്തിലേക്കും സമൂഹത്തെ കൂടുതൽ ഫലപ്രദമായി ജനാധിപത്യ സ്ഥാപനങ്ങളിലേക്കും സംവിധാനങ്ങളിലേക്കും എത്തിക്കാൻ ഉപകരിക്കുമെന്നും ഡെപ്യൂട്ടി സ്പീക്കർ കൂട്ടിച്ചേർത്തു.

ലൈബ്രറി ഉപദേശക സമിതി അംഗങ്ങളായ പി. ബാലചന്ദ്രൻ എം.എൽ.എ., സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. എന്നിവർക്കൊപ്പം സാമാജികരായ എ.സി. മൊയ്തീൻ, സി. സി. മുകുന്ദൻ, തൃശ്ശൂർ ഡെപ്യൂട്ടി മേയർ റോസി, തൃശ്ശൂർ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ. ഹാരിഫാബി എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. തൃശ്ശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുരളി പെരുനെല്ലി എം.എൽ.എ നന്ദി രേഖപ്പെടുത്തി.

പുസ്തക പ്രദർശനം ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. നിയമസഭാ സാമാജികർ, നിയമസഭാ സെക്രട്ടറി, മുൻ നിയമസഭാ സാമാജികർ, മുൻ നിയമസഭാ സെക്രട്ടറിമാർ എന്നിവരുടെ രചനകളും നിയമസഭയുടെ ചരിത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, രചനകൾ എന്നിവയാലും ശ്രദ്ധേയമായിരുന്നു പുസ്തക പ്രദർശനം. 1888 ലെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ പ്രൊസീഡിംഗ്സിന്റെ കൈയെഴുത്ത് പ്രതി, മലയാളത്തിലുള്ള ഇൻഡ്യയുടെ ഭരണഘടന, നിയമം, ബഞ്ചമിൻ ബെയ്‌ലിയുടെ മലയാളം - ഇംഗ്ലീഷ് നിഘണ്ടു, 1961 തൃശ്ശൂരിലെ ഡിസ്ട്രിക് സെൻസസ് ബുക്സ്, 15 ാം നിയമസഭയിലെ സാമാജികരുടെ രചനകൾ, ഇതുവരെയുള്ള മുഖ്യമന്ത്രിമാർ, സ്പീക്കർമാർ എന്നിവരുടെ ചിത്രങ്ങളും രചനകളും കുറിപ്പുകളും പ്രദർശനത്തിന്റെ ഭാഗമായിരുന്നു. ഇതോടൊപ്പം മ്യൂസിയം വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ചിത്രപ്രദർശനവും നിയമസഭാ ലൈബ്രറിയെക്കുറിച്ചുള്ള ഒരു ലഘു വീഡിയോയും പ്രദർശിപ്പിച്ചു.

പരിപാടിയിൽ തൃശ്ശൂർ ജില്ലയിലെ സാമാജികർ, മുൻ സാമാജികർ, സാംസ്കാരിക പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പഞ്ചായത്ത് ലൈബ്രറി അംഗങ്ങൾ, ലൈബ്രറി കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. തൃശ്ശൂർ ജില്ലയിൽ നിന്നുള്ള മുൻ നിയമസഭാ സാമാജികരെയും സാഹിത്യകാരൻ സച്ചിദാനന്ദനെയും നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ പൊന്നാട അണിയിച്ചാദരിച്ചു.

'കേരളം : നവോത്ഥാനവും ശേഷവും' എന്ന വിഷയത്തിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് കെ. സച്ചിദാനന്ദൻ പ്രഭാഷണം നടത്തി. കേരളത്തിലെ നവോത്ഥാനത്തെക്കുറിച്ചും ജനാധിപത്യത്തിന്റെ ആഘോഷം, മാതൃഭാഷ, എഴുത്തിന്റെ സ്വാതന്ത്ര്യം, സവർണ്ണവൽക്കരണം, പുരുഷാധിപത്യം, ജാതിവ്യവസ്ഥ, വർഗീയത എന്നിവയെക്കുറിച്ചും വളരെ ആഴത്തിൽ അറിവ് പകരുന്നതായിരുന്നു കെ. സച്ചിദാനന്ദന്റെ പ്രഭാഷണം. തുടർന്ന് ഓൾഡ് ഈസ് ഗോൾഡ് എന്ന കലാപരിപാടിയും കേരള കലാമണ്ഡലത്തിന്റെ 'എന്റെ കേരളം' എന്ന കലാരൂപവും അവതരിപ്പിച്ചു. പരിപാടികളിൽ പങ്കെടുത്തവർക്ക് നിയമസഭാ ലൈബ്രറി ചീഫ് ലൈബ്രേറിയൻ ലൈല എ.എസ്. നന്ദി പ്രകാശിപ്പിച്ചു.

ജാർഖണ്ഡ് നിയമസഭാംഗങ്ങളുടെ കേരള സന്ദർശനം

ജാർഖണ്ഡ് നിയമസഭയിലെ ഏഴ് അംഗങ്ങളും ജാർഖണ്ഡ് സിവിൽ സൊസൈറ്റി ഓർഗനൈസേഷന്റെ പ്രതിനിധികളും അടങ്ങുന്ന സംഘം 2023 ഏപ്രിൽ 20 ന് കേരള നിയമസഭ സന്ദർശിച്ചു. മുൻ മന്ത്രിയും എം.എൽ.എ. യുമായ സരയൂറായ്, സാമാജികരായ മഥുര പ്രസാദ് മഹതോ, സമീർ കുമാർ മൊഹന്തി, ലംബോദർ മഹതോ, വിനോദ് കുമാർ സിംഗ്, അമിത് കുമാർ മണ്ഡൽ, ശിൽപ നേഹ ടിർക്കി എന്നിവർ സംഘത്തിൽ അംഗങ്ങളായിരുന്നു. നിയമസഭാ സെക്രട്ടറി എ.എം.ബഷീർ സംഘത്തെ സ്വീകരിച്ചു. കേരളത്തിലെ പഞ്ചായത്തി രാജ് സംവിധാനത്തിന്റെ സവിശേഷതകളെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും നേരിട്ട് പഠിക്കുകയെന്ന ഉദ്ദേശ്യത്തോടെയായിരുന്നു സന്ദർശനം. കേരളത്തിലെ പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ സവിശേഷതകളെക്കുറിച്ച് സംഘം മുൻ ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കുമായും മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദുമായും ചർച്ച നടത്തി. തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്ത്, തൃശ്ശൂരിലെ കില എന്നിവ സന്ദർശിച്ച സംഘം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി ആശയ വിനിമയം നടത്തുകയും ചെയ്തു.

ഇതരസഭാ വാർത്തകൾ

സ്കൂളുകളിൽ ഗുജറാത്തി ഭാഷാ പഠനം : ബിൽ പാസാക്കി ഗുജറാത്ത് സർക്കാർ

കുബേർ ദിൻഡോർ

സംസ്ഥാനത്തുടനീളം ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഗുജറാത്തി ഭാഷാ പഠനം നിർബന്ധിതമാക്കുന്നതും ഇത് പാലിക്കാത്ത സ്കൂളുകൾക്ക് പിഴ ചുമത്തുന്നതുമായ ബിൽ ഗുജറാത്ത് നിയമസഭ ഐകകണ്ഠ്യേന പാസാക്കി.

ബിൽ നിയമമാകുന്നതോടെ 2023-24 അധ്യയന വർഷം മുതൽ ബില്ലിലെ വ്യവസ്ഥകൾ ശക്തമായി നടപ്പിലാക്കും. സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ നിർബന്ധമായും മാതൃഭാഷ പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാണ് 'Compulsory Teaching and Learning of Gujarati Language Bill, 2023' തയ്യാറാക്കിയതെന്ന് ബിൽ അവതരിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസ മന്ത്രി കുബേർ ദിൻഡോർ പറഞ്ഞു. ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ സംസ്ഥാനം അംഗീകരിച്ച പാഠപുസ്തകങ്ങളിലൂടെ ഗുജറാത്തി പഠനം നിർബന്ധമാക്കും. നിയമം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദ്യ തവണ നിയമലംഘനം നടത്തിയാൽ അമ്പതിനായിരം രൂപയും കുറ്റം ആവർത്തിച്ചാൽ ഒരു ലക്ഷം രൂപയും വീണ്ടും ആവർത്തിച്ചാൽ രണ്ട് ലക്ഷം രൂപയും പിഴ ഈടാക്കുന്നതിനും തുടർന്നും കുറ്റം ആവർത്തിക്കുന്ന പക്ഷം സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നത് ഉൾപ്പെടെ കർശനമായ നടപടികൾക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ഗുജറാത്തി ഇതര സ്കൂളുകളിൽ ഭാഷാ പഠനം നിർബന്ധമാക്കണമെന്നാവശ്യപ്പെട്ട് 2018 ൽ സർക്കാർ പ്രമേയം പാസാക്കിയിരുന്നെങ്കിലും മിക്ക സ്കൂളുകളും അത് പാലിക്കാത്തതിനാലാണ് പുതിയ ബിൽ സഭയിൽ കൊണ്ടുവന്നതെന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട ഒരു പൊതുതാല്പര്യ ഹർജിയിൽ, മാതൃഭാഷ സംരക്ഷിക്കുന്നതിനായി എല്ലാ സ്കൂളുകളിലും ഗുജറാത്തി ഭാഷ നിർബന്ധമായും പഠിപ്പിക്കുന്നതിന് നിയമം കൊണ്ടുവരണമെന്ന് ഗുജറാത്ത് ഹൈക്കോടതി അഭിപ്രായപ്പെട്ടിരുന്നു.

കർണാടകയിൽ പുതിയ സർക്കാർ

കെ. സിദ്ധരാമയ്യ

കർണാടകയുടെ ഇരുപത്തിരണ്ടാമത് മുഖ്യമന്ത്രിയായി കോൺഗ്രസ് നേതാവ് കെ. സിദ്ധരാമയ്യ അധികാരമേറ്റു. 2013 ൽ കർണാടക മുഖ്യമന്ത്രിയായിരുന്ന സിദ്ധരാമയ്യ മുഖ്യമന്ത്രിപദത്തിൽ കാലാവധി പൂർത്തിയാക്കിയ രണ്ടാമത്തെ വ്യക്തിയാണ്. ഇരുന്നൂറ്റി ഇരുപത്തിനാലംഗ നിയമസഭയിൽ നൂറ്റി മുപ്പത്തിയഞ്ച് സീറ്റ് നേടിയാണ് കോൺഗ്രസ് അധികാരത്തിലെത്തിയത്. ഉപമുഖ്യമന്ത്രിയായി ഡി. കെ. ശിവകുമാറും മലയാളിയായ കെ. ജെ. ജോർജ്ജ് ഉൾപ്പെടെ എട്ട് മന്ത്രിമാരും ഗവർണ്ണർ താവർചന്ദ് ഗെലോട്ട് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മംഗളൂരുവിൽ നിന്നുള്ള കോൺഗ്രസ് എം.എൽ.എ. യും മുൻമന്ത്രിയും മലയാളിയുമായ യു.ടി. ഖാദറെ സ്പീക്കറായും തെരഞ്ഞെടുത്തു.

ഡി. കെ. ശിവകുമാർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കിടയിലെ അധികാര തർക്കത്തിന് വിരാമമിട്ട് സുപ്രീംകോടതി

ലഫ്റ്റനന്റ് ഗവർണ്ണറുടെ അധികാരവുമായി ബന്ധപ്പെട്ട് ഡൽഹി സർക്കാരും കേന്ദ്ര ഗവൺമെന്റും തമ്മിൽ എട്ട് വർഷമായി നീണ്ടുനിന്ന തർക്കത്തിന് വിരാമമിട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ഭരണഘടനാ ബഞ്ചിന്റെ ഏകകണ്ഠ വിധി. ഡൽഹി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ നിയന്ത്രണാധികാരം ജനം തെരഞ്ഞെടുത്ത സർക്കാരിനാണെന്നും ദേശീയ തലസ്ഥാന പ്രദേശത്തെ (എൻ.സി.ടി.) പൊതുസമാധാനം, പോലീസ്, ഭൂമി എന്നിവ ഒഴികെയുള്ളവ സർക്കാരിന്റെ അധികാരപരിധിയിലാണെന്നും വിധിന്യായത്തിൽ കോടതി വിശദീകരിച്ചു. സേവനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ തീരുമാനം ലഫ്. ഗവർണ്ണർക്കും ബാധകമാണെന്നും മന്ത്രിസഭയുടെ ഉപദേശവും സഹായവും അനുസരിച്ചാണ് അദ്ദേഹം പ്രവർത്തിക്കേണ്ടതെന്നും കോടതി വിശദീകരിച്ചു. ലഫ്. ഗവർണ്ണറുടെ അധികാരമെന്നത് സർക്കാരിന് മുഴുവനും മേലുള്ള ഭരണാധികാരമല്ലായെന്നും ഉദ്യോഗസ്ഥർ മന്ത്രിമാരോട് റിപ്പോർട്ട് ചെയ്യാതിരിക്കുകയോ അവരുടെ നിർദേശം പാലിക്കാതിരിക്കുകയോ ചെയ്താൽ അത് കൂട്ടുത്തരവാദിത്ത തത്വത്തെ ബാധിക്കുമെന്നു കോടതി വ്യക്തമാക്കി. ഭരണഘടനയുടെ അനുച്ഛേദം 239 എഎ ഡൽഹിക്ക് പ്രത്യേക പദവി നൽകുന്നുണ്ട്.

മഹാരാഷ്ട്രയിൽ ഷിൻഡേ സർക്കാരിന് തുടരാം : സുപ്രീം കോടതി

മഹാരാഷ്ട്രയിൽ ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള മഹാവികാസ് അഖാഡി സർക്കാരിന്റെ രാജിയിലേക്ക് നയിച്ച നടപടിക്രമങ്ങളിൽ ഗവർണ്ണറുടെയും സ്പീക്കറുടെയും നടപടി നിയമവിരുദ്ധമെങ്കിലും സർക്കാരിനെ പുനഃസ്ഥാപിക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ വിധി. വിശ്വാസവോട്ടെടുപ്പ് നേരിടാതെ രാജിവച്ചതിനാലാണ് സർക്കാരിനെ പുനഃസ്ഥാപിക്കാൻ കഴിയാത്തതെന്നും സ്വമേധയായുള്ള രാജി അസാധുവാക്കാൻ കോടതിക്ക് കഴിയില്ലെന്നും ബഞ്ച് വ്യക്തമാക്കി. താക്കറെ രാജിവച്ചതിനെ തുടർന്ന് ഏറ്റവും വലിയ ഒറ്റക്കക്ഷിയായ ബി.ജെ.പി.-ഷിൻഡേ വിഭാഗത്തെ സർക്കാർ രൂപീകരിക്കാൻ ക്ഷണിച്ച ഗവർണ്ണറുടെ നടപടി ശരിവച്ച കോടതി അതിനു മുമ്പ് ഉദ്ധവ് താക്കറെക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടുവെന്ന നിഗമനത്തിലെത്താൻ ഗവർണ്ണർക്ക് മുന്നിൽ മതിയായ വസ്തുതകൾ ഉണ്ടായിരുന്നില്ലയെന്നും ചൂണ്ടിക്കാട്ടി. രാഷ്ട്രീയ പാർട്ടികൾക്കിടയിലുള്ള പ്രശ്നങ്ങളിൽ ഇടപെടാൻ ഭരണഘടന ഗവർണ്ണർക്ക് അധികാരം നൽകുന്നില്ലെന്നും ഇത്തരം വിഷയങ്ങളിൽ ഗവർണ്ണർ ഇടപെടരുതെന്നും കോടതി പറഞ്ഞു.

ഉദ്ധവ് താക്കറെ

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്കും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സെനറ്റിലേക്കും നിയമസഭാ സാമാജികർ

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽ നിന്ന് നാല് പേരെ തെരഞ്ഞെടുത്തു. പൊതു വിഭാഗത്തിൽ നിന്ന് മൂന്നും പട്ടിക ജാതി/പട്ടിക വർഗ സംവരണ വിഭാഗത്തിൽ നിന്ന് ഒരു എം.എൽ.എ.യെയുമാണ് തെരഞ്ഞെടുത്തത്. പൊതു വിഭാഗത്തിൽ സാമാജികരായ ജി.എസ്. ജയലാൽ, ഡോ. എൻ. ജയരാജ്, സനീഷ് കുമാർ ജോസഫ് എന്നിവരും സംവരണ വിഭാഗത്തിൽ പി.പി. സുമോദുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ജി.എസ്.ജയലാൽ

ഡോ.എൻ. ജയരാജ്

സനീഷ് കുമാർ ജോസഫ്

പി. പി. സുമോദ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്ന് അഞ്ച് പേരെ തെരഞ്ഞെടുത്തു. പൊതു വിഭാഗത്തിൽ നിന്ന് നാലും പട്ടിക ജാതി സംവരണ വിഭാഗത്തിൽ നിന്ന് ഒരു എം.എൽ.എ. യെയുമാണ് തെരഞ്ഞെടുത്തത്. പൊതു വിഭാഗത്തിൽ നിന്നും ആന്റണി ജോൺ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, റോജി.എം.ജോൺ, സി.സി.മുകുന്ദൻ എന്നിവരും പട്ടികജാതി സംവരണ വിഭാഗത്തിൽ നിന്നും ശാന്തകുമാരി കെ. യുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ആന്റണി ജോൺ

സെബാസ്റ്റ്യൻ കുളത്തുങ്കൽ

റോജി എം. ജോൺ

സി.സി.മുകുന്ദൻ

ശാന്തകുമാരി കെ.

നിയമസഭാ മന്ദിരത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു

ഒന്നാം പേജിന്റെ തുടർച്ച....

സർക്കാരും പിന്നീട് നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ടെന്നത് നമുക്ക് അഭിമാനകരമാണെന്നും പുരോഗമനപരവും വിപ്ലവകരവുമായ പല നിയമനിർമ്മാണങ്ങൾക്കും കേരള നിയമസഭ വേദിയായിട്ടുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കേരള നിയമസഭ പാസാക്കിയ പല നിയമങ്ങളും ജനജീവിതത്തിൽ വലിയ ചലനങ്ങളുണ്ടാക്കിയവയാണെന്ന് ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. നിയമസഭാ മന്ദിരത്തിന്റെ ചരിത്രം നിയമനിർമ്മാണത്തിന്റെ കൂടി ചരിത്രമാണ്. രാജ്യത്തെ പുരോഗമനപരമായ പല നിയമനിർമ്മാണത്തിനും കേരള നിയമസഭ വേദിയായിട്ടുണ്ടെന്നും ഗവർണ്ണർ കൂട്ടിച്ചേർത്തു.

മലയാളികളുടെ അധ്വാനശീലത്തെയും വിദ്യാഭ്യാസ ഔന്നത്യത്തെയും പ്രശംസിച്ച ഉപരാഷ്ട്രപതി അദ്ദേഹവും അതിന്റെ ഗുണഭോക്താവാണെന്ന കാര്യം എടുത്തുപറഞ്ഞു. ഭരണഘടനാ പദവികളിലുള്ളവർ അവരുടെ പെരുമാറ്റത്തിൽ ഔചിത്യവും അന്തസ്സും മര്യാദയും പുലർത്തണമെന്നും ജനാധിപത്യത്തിന്റെ ഉന്നതമൂല്യങ്ങളാണ് പാർലമെന്റിൽ നിന്നും നിയമസഭയിൽ നിന്നും രാജ്യം പ്രതീക്ഷിക്കുന്നതെന്നും ഉപരാഷ്ട്രപതി കൂട്ടിച്ചേർത്തു. സംസ്ഥാനത്തിനകത്തും പുറത്തും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന മലയാളികളെ അദ്ദേഹം പ്രകീർത്തിച്ചു.

ചട്ടമ്പി സ്വാമികൾ, ശ്രീനാരായണഗുരു, ചാവറയച്ചൻ, വക്കം അബ്ദുൾ ഖാദർ മൗലവി, ശ്രീചിത്തിര തിരുനാൾ ബാലരാമ വർമ്മ, എന്നിവരുൾപ്പെടെയുള്ള കേരളത്തിലെ വിവിധ സാമൂഹിക, ഭരണ പരിഷ്കർത്താക്കളെയും കലാ കായിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെയും പ്രസംഗത്തിൽ അദ്ദേഹം അനുസ്മരിച്ചു. കേരള നിയമസഭാ മന്ദിരം മലയാളികളുടെ ഉയർന്ന ജനാധിപത്യ ചിന്തയുടെ പ്രതിരൂപമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമസഭയുടെ ഉപഹാരമായി സ്പീക്കർ എ.എൻ. ഷംസീർ ഉപരാഷ്ട്രപതിക്ക് ആറന്മുള കണ്ണാടി സമ്മാനിച്ചു. പരിപാടിയോടനുബന്ധിച്ച് ഉപരാഷ്ട്രപതി നിയമസഭാങ്കണത്തിൽ രക്തചന്ദന (Red Sandalwood) തൈ നട്ടു.

ഉച്ചയ്ക്കുശേഷം മുൻ മുഖ്യമന്ത്രിമാർ, മുൻ സ്പീക്കർമാർ എന്നിവരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. അന്താരാഷ്ട്ര മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പുകളിൽ മികച്ച പ്രകടനം കാഴ്ചവച്ച് മെഡലുകൾ കരസ്ഥമാക്കിയ മുൻ എം.എൽ.എ. എം.ജെ. ജേക്കബിനെയും ചടങ്ങിൽ ആദരിച്ചു. പവർ ഓഫ് ഡെമോക്രസിയുടെ ഭാഗമായി സംഘടിപ്പിച്ച നാഷണൽ വിമൺ ലെജിസ്ലേച്ചേഴ്സ് കോൺഫറൻസുമായി ബന്ധപ്പെട്ട് വളരെ ചുരുങ്ങിയ ചെലവിൽ അനുയോജ്യമായ വെബ് ആപ്ളിക്കേഷൻ വികസിപ്പിച്ച നിയമസഭയിലെ ഐ.ടി. ടീമിനുള്ള സർട്ടിഫിക്കറ്റുകളും പരിപാടിയിൽ വിതരണം ചെയ്തു. അന്നേ ദിവസം വൈകുന്നേരം അൻവർ സാദത്ത്, സ്റ്റീഫൻ ദേവസ്സി, നാരായണി ഗോപൻ, മഹേഷ് കുഞ്ഞുമോൻ എന്നിവരോടൊപ്പം നിയമസഭാ ജീവനക്കാരും പങ്കാളികളായ 'എന്റെ കേരളം സംഗീത സായാഹ്നം' പരിപാടിയും സംഘടിപ്പിച്ചിരുന്നു.

രജത ജൂബിലി ആഘോഷ ചിത്രങ്ങളിലൂടെ...

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഭാര്യയ്ക്കും നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിനുമൊപ്പം മുൻ അദ്ധ്യാപിക രത്ന നായരെ സന്ദർശിച്ചപ്പോൾ

നിയമസഭാ സെക്രട്ടേറിയറ്റ് സർവീസിൽ നിന്നും 2023 മേയ് 31 ന് വിരമിച്ച ജീവനക്കാർ സ്പീക്കർ എ.എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, നിയമസഭാ സെക്രട്ടറി എ.എം. ബഷീർ എന്നിവരോടൊപ്പം

ദേവികുളം എം.എൽ.എ. എ. രാജയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കിയതിന് സ്റ്റേ

ദേവികുളം എം.എൽ.എ. എ.രാജയുടെ നിയമസഭാംഗത്വം അസാധുവാക്കിയ ഹൈക്കോടതി വിധി ഉപാധികളോടെ സുപ്രീം കോടതി സ്റ്റേ ചെയ്തു. പട്ടികജാതി സംവരണ മണ്ഡലമായ ദേവികുളത്ത് മത്സരിക്കാൻ ക്രിസ്തുമത വിശ്വാസിയായ രാജയ്ക്ക് യോഗ്യത യില്ലെന്ന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവാണ് സുപ്രീം കോടതി സ്റ്റേ ചെയ്തത്. എം.എൽ.എ. എന്ന നിലയിൽ സഭാ സമ്മേളന ത്തിൽ പങ്കെടുക്കാമെങ്കിലും കേസിന് അന്തിമ തീർപ്പാവുന്നതുവരെ സഭയിലെ വോട്ടിംഗിൽ പങ്കെടുക്കാനോ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ കൈപ്പറ്റാനോ അദ്ദേഹത്തിന് അർഹതയില്ലെന്നും ഉത്തരവിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

ഷാജി സി. ബേബി പുതിയ സ്പെഷ്യൽ സെക്രട്ടറി

നിയമസഭാ സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറിയായി ഷാജി സി. ബേബി 2023 ജൂൺ 1 ന് ചുമതലയേറ്റു. 1993 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച ഷാജി സി.ബേബി മാവേലിക്കര സ്വദേശിയാണ്. സർവീസസ് വിഭാഗം, നിയമനിർമ്മാണ വിഭാഗം, നിയമസഭാ ഹോസ്റ്റൽ എന്നിവയുടെയും വിവിധ നിയമസഭാ സമിതി വിഭാഗങ്ങളുടെയും ചുമതല വഹിച്ചി ട്ടുണ്ട്. മുൻ സ്പീക്കർ ജി.കാർത്തികേയന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. കെ-ലാംപ്സ് എക്സി ക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിച്ചുവരികെയാണ് പുതിയ നിയമനം. അറിവോരം ന്യൂസ് ലെറ്ററിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമാണ്. നിയമ ബിരുദവും എം.ബി.എ.യും ജേർണലിസത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും നേടിയിട്ടുണ്ട്.

ഹയർ സെക്കന്ററി അധ്യാപികയായ മരിയ ഷാജിയാണ് ഭാര്യ. വിദ്യാർത്ഥികളായ അമിത് ഷാജി ജോർജ്, ആദിത് ഷാജി ജോർജ് എന്നിവർ മക്കളാണ്.

സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താൻ വിരമിച്ചു

നിയമസഭാ സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറി കവിത ഉണ്ണിത്താൻ സർവീസിൽ നിന്നും വിരമിച്ചു. 2022 ജൂണിൽ സ്പെഷ്യൽ സെ ക്രട്ടറിയായി ചുമതലയേറ്റ കവിത ഉണ്ണിത്താൻ 2022 ജൂൺ 1 മുതൽ ജൂലൈ 31 വരെ നിയമസഭാ സെക്ര ട്ടറിയുടെ അധിക ചുമതലയും വഹിച്ചു. അറിവോരം ന്യൂസ് ലെറ്ററിന്റെ എഡിറ്റോറിയൽ ബോർഡ് അംഗ മായിരുന്നു. 1992 ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച കവിത ഉണ്ണിത്താൻ തിരുവല്ല സ്വദേശിനിയാണ്. 2022 ജൂലൈ 18 ന് നടന്ന പതിനഞ്ചാമത് രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ നിയമസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന കവിത ഉണ്ണിത്താനാണ് കേരളത്തിൽ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെയും പ്രിസൈഡിംഗ് ഓഫീസറുടെയും ചുമതല നിർവഹിച്ചത്. 2022 ൽ രാജ്യസഭയിൽ കേരളത്തിൽ നിന്ന് ഒഴിവുണ്ടായ രണ്ട് സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെയും റിട്ടേണിംഗ് ഓഫീസറും പ്രിസൈഡിംഗ് ഓഫീസറും കവിത ഉണ്ണിത്താനായിരുന്നു. കൊമേഴ്സിൽ ബിരുദാനന്തര ബിരുദവും എം.ഫില്ലും നേടിയിട്ടുണ്ട്. സ്വയംസംരംഭകനായ ഭർത്താവ് ബിജി രാഘവൻ പിള്ളയും മക്കളായ നയനാ രാഘവ്, നരേന്ദ്ര രാഘവ് എന്നിവരുമടങ്ങുന്നതാണ് കുടുംബം.

സ്വർഗ്ഗരാജ്യത്തിലേക്ക് ഇനിയും എത്ര ദൂരം

'ആസാദി കാ അമൃത് മഹോത്സവ്' കേവലം ആഘോഷത്തിന്റെ മാത്രം അവസരമല്ലെന്നും ആഘോഷത്തേക്കാൾ ഉപരി സ്വാതന്ത്ര്യത്തിന്റെ അനുഭവങ്ങളെ വസ്തുനിഷ്ഠമായി സത്യസന്ധമായി ആത്മവിമർശനപരമായി വിലയിരുത്താനുള്ള അവസരമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ്. സഭാ ടി.വി.യിലെ 'സഭാ ടോക്സ്' എന്ന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒന്നാം സ്വാതന്ത്ര്യ സമരം മുതൽ 1947 ൽ സ്വാതന്ത്ര്യം യാഥാർത്ഥ്യമാവുന്നതുവരെയുള്ള തൊണ്ണൂറ് വർഷം നീണ്ടു നിന്ന നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് ആധുനിക ഇന്ത്യ രൂപപ്പെട്ട തെന്നും നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ സവിശേഷത അതിന് വ്യത്യസ്തങ്ങളായ ധാരകളുണ്ടായിരുന്നു എന്നതായിരുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. സ്വാത ന്ത്ര്യത്തിന് ശേഷം മുക്കാൽ നൂറ്റാണ്ട് നമുക്ക് നിലനിൽക്കാൻ കഴിഞ്ഞത് രാജ്യം മതനിരപേക്ഷ ദേശീയതയുടെയും ജനാധിപത്യത്തിന്റെയും ദൃഢമായ അടിത്തറയിലാണ് കെട്ടിപ്പെടുത്തത് എന്നത് കൊണ്ടാണ്. എന്നാൽ അതിൽ നിന്നും വിഭിന്നമായി ഇന്ത്യയെ മതരാഷ്ട്രമാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം കൂട്ടിചേർത്തു.

സഭാ ടോക്സ് എന്ന പരിപാടിയിൽ ഒന്നാമത്തെ എപ്പിസോഡായി സംപ്രേഷണം ചെയ്ത തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷിന്റെ പ്രഭാഷണം പൂർണ്ണമായി കാണുന്നതിന് ക്യൂ. ആർ. കോഡ് സ്കാൻ ചെയ്യുക.

വേർപാട്

പ്രൊഫ.എ.നബീസ ഉമ്മാൾ, മുൻ നിയമസഭാംഗം

മുൻ എം.എൽ.എ.യും, സി.പി.ഐ.(എം) നേതാവും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പലുമായിരുന്ന പ്രൊഫ.എ.നബീസ ഉമ്മാൾ (91) 2023 മെയ് 6 ന് അന്തരിച്ചു. 1987 ൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം.) പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചാണ് നിയമസഭാംഗമായത്. തിരുവനന്തപുരം ഗവ.വിമൻസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലായി പഠനം പൂർത്തിയാക്കിയ അവർ അതേ കലാലയങ്ങളിൽ തന്നെ അധ്യാപികയുമായി. മുപ്പത്തിമൂന്ന് വർഷം അധ്യാപികയായി ജോലി ചെയ്ത നബീസ ഉമ്മാൾ കേരളത്തിലെ വിവിധ കലാലയങ്ങളിൽ മലയാളം വകുപ്പ് മേധാവിയായും പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1986 ൽ അധ്യാപന ജീവിതത്തിൽ നിന്നും വിരമിച്ചു. കോളേജ് പ്രിൻസിപ്പലായ ആദ്യ മലയാളം പണ്ഡിതയും കേരളത്തിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആദ്യ മുസ്ലീം വനിതയുമാണ്.

അന്തരിച്ച മുൻ എം.എൽ.എ. എ. നബീസ ഉമ്മാളിന്റെ വീട് സ്പീക്കർ എ.എൻ.ഷംസീർ സന്ദർശിച്ചപ്പോൾ

കേരള പ്രദേശ് ബി.എസ്.എസ്. സ്റ്റേറ്റ് കമ്മിറ്റി, കേരള സർവകലാശാല, മഹാത്മാ ഗാന്ധി സർവകലാശാല എന്നിവയുടെ പരീക്ഷാ ബോർഡ് അംഗം, കേരള അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ സർക്കാർ നാമനിർദ്ദേശം ചെയ്ത അംഗം, സത്യസായി ഓർഫനേജ് ട്രസ്റ്റ്, ബി.എസ്.എസ് എന്നിവയുടെ വൈസ് ചെയർപേഴ്സൺ, 1995-2000 കാലയളവിൽ നെടുമങ്ങാട് നഗരസഭാ ചെയർപേഴ്സൺ, ആൾ ഇന്ത്യാ റേഡിയോയിൽ പ്രോഗ്രാം കമ്മിറ്റി അംഗം എന്നിങ്ങനെ വിവിധ ചുമതലകൾ നിർവഹിച്ച അവർ ആകാശവാണിയിൽ 30 വർഷം 'സുഭാഷിതം' എന്ന പരിപാടി അവതരിപ്പിച്ചു. 2000 ൽ കേന്ദ്ര സർക്കാരിന്റെ സ്ത്രീ ശാക്തീകരണ പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

പരേതനായ എം.ഹുസൈൻ കുഞ്ഞാണ് ഭർത്താവ്, ആറ് മക്കളിൽ രണ്ടുപേർ പരേതരാണ്.

എം. ചന്ദ്രൻ, മുൻ നിയമസഭാംഗം

മുൻ എം.എൽ.എ.യും മുതിർന്ന സി.പി.ഐ. (എം) നേതാവുമായ എം. ചന്ദ്രൻ (76) 2023 മേയ് 1 ന് അന്തരിച്ചു. പന്ത്രണ്ട്, പതിമൂന്ന് കേരള നിയമസഭകളിൽ ആലത്തൂർ മണ്ഡലത്തെ പ്രതിനിധാനം ചെയ്താണ് അദ്ദേഹം നിയമസഭയിലെത്തിയത്. വിദ്യാർത്ഥിയായിരിക്കുമ്പോൾ കെ.എസ്.എഫിലൂടെ രാഷ്ട്രീയത്തിലെത്തിയ എം.ചന്ദ്രൻ സി.പി.ഐ.(എം) പാലക്കാട് ജില്ലാ സെക്രട്ടറി, സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, കർഷകസംഘം പാലക്കാട് ജില്ലാ സെക്രട്ടറി, വിവിധ ട്രേഡ് യൂണിയനുകളുടെ ഭാരവാഹി, സി.ഐ.റ്റി.യു. അഖിലേന്ത്യാ പ്രവർത്തക സമിതി അംഗം, സംസ്ഥാന കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ കെ. കോമളവല്ലിയും രണ്ട് ആൺമക്കളും അടങ്ങുന്നതാണ് കുടുംബം.

വലയിൽ നിന്ന്.......

വലയിൽ നിന്ന്.......



16 Herbert street,
Cambridge
22.4.'21

2701

Mr. Right Hon. E.S. Montague M.P.,
Secretary of state for India

Sir,

I desire to have my name removed from the list of probationers in the Indian Civil Services.
I may state in this connection that I was selected as a result of an open competitive examination held in August 1920.
I have received an allowance of £100 (one hundred pounds only) up till now. I shall remit the amount to the India Office as soon as my resignation is accepted.

I have the honour to be Sir,
Your most obedient servant

Subhas Chandra Bose

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സജീവമായി പങ്കെടുക്കുന്നതിന് ഇന്ത്യൻ സിവിൽ സർവ്വീസിൽ നിന്നും രാജി സന്നദ്ധത അറിയിച്ച് സുഭാഷ് ചന്ദ്ര ബോസ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയ്ക്ക് നല്കിയ കത്ത്.

പുതിയ പാർലമെന്റ് മന്ദിരം രാജ്യത്തിന് സമർപ്പിച്ചു

വികസിത ഭാരതത്തിലേക്കുള്ള ചവിട്ടുപടിയെന്ന വിശേഷണത്തോടെ പുതിയ പാർലമെന്റ് മന്ദിരം പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിച്ചു. രാവിലെ പാർലമെന്റിലെത്തിയ പ്രധാനമന്ത്രി ലോക്സഭാ സ്പീക്കർ ഓം ബിർലയോടൊപ്പം ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. തമിഴ്നാട്ടിലെ മഠങ്ങളിൽ നിന്നുള്ള പുരോഹിതർ നൽകിയ ചെങ്കോൽ സ്വീകരിച്ച പ്രധാനമന്ത്രി പുതിയ പാർലമെന്റ് മന്ദിരത്തിൽ ലോക്സഭാ സ്പീക്കറുടെ ഇരിപ്പിടത്തിന് വലതു വശത്തായി ചെങ്കോൽ സ്ഥാപിച്ചു. തുടർന്ന് ഉദ്ഘാടന ഫലകം പ്രധാനമന്ത്രിയും ലോക്സഭാ സ്പീക്കറും ചേർന്ന് അനാച്ഛാദനം ചെയ്തു. വിവിധ മതങ്ങളിലെ പുരോഹിതർ പങ്കെടുത്ത സർവമത പ്രാർഥനയ്ക്ക് ശേഷം പാർലമെന്റ് നിർമ്മാണത്തിൽ പങ്കാളികളായ തൊഴിലാളികളുടെ പ്രതിനിധികളായ പതിനൊന്ന് പേരെ പ്രധാനമന്ത്രി ആദരിച്ചു. 64,500 ചതുരശ്ര മീറ്റർ ചുറ്റളവുള്ള മന്ദിരം 864 കോടി രൂപ ചെലവിൽ രണ്ടര വർഷം കൊണ്ടാണ് പൂർത്തിയാക്കിയത്. പിന്നീട് ഉദ്ഘാടന സമ്മേളനത്തിൽ പ്രത്യേക തപാൽ സ്റ്റാംപും എഴുപത്തിയഞ്ച് രൂപയുടെ പുതിയ നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ എന്നിവരുടെ സന്ദേശങ്ങൾ രാജ്യസഭാ ഉപാധ്യക്ഷൻ സഭയിൽ വായിച്ചു. ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരും വിദേശ രാജ്യങ്ങളുടെ പ്രതിനിധികളും പങ്കെടുത്തു. രാഷ്ട്രപതിയെ ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് മുഖ്യപ്രതിപക്ഷ കക്ഷികൾ ചടങ്ങ് ബഹിഷ്കരിച്ചു.

നിയമസഭാ പ്രസംഗത്തിലൂടെ

സഹകരണ പ്രസ്ഥാനം പുന:സംഘടിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം

(ഗവർണ്ണറുടെ നന്ദി പ്രമേയ ചർച്ചയ്ക്ക് മറുപടിയായി 1978 മാർച്ച് 3 ന് കേരള നിയമസഭയിൽ പി.ആർ. കുറുപ്പ് നടത്തിയ പ്രസംഗത്തിൽ നിന്ന്)

"സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

വിദേശങ്ങളിലെ സഹകരണ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിനെപ്പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാനായി ഒരു പഠന സംഘത്തെ നിയോഗിക്കുവാനും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തിലെ സഹകരണ പ്രസ്ഥാനം പുന: സംഘടിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കാനും ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

സർ, സമയം വളരെ ചുരുക്കമാണെങ്കിലും എനിക്കതിൽ ഉൽക്കണ്ഠയില്ല. കാരണം ഈ പ്രമേയം സ്വന്തം കാര്യങ്ങൾ വ്യക്തമാക്കുന്ന ഒന്നാണ്. അതുകൊണ്ട് എനിക്ക് സമാധാനമുണ്ട്. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന വേളയിൽ ഗവർണ്ണറുടെ പ്രസംഗത്തിലുള്ള ഒരു ചെറിയ വാചകമാണ് എന്നെ ഇത്തരമൊരു പ്രമേയം അവതരിപ്പിക്കാൻ പ്രേരിപ്പിച്ചത്. ഗവർണ്ണറുടെ പ്രസംഗത്തിലെ പ്രസക്തഭാഗം ഞാൻ വായിക്കാം.

'ഗ്രാമീണമേഖലയിലെ സാമൂഹ്യപരിവർത്തനത്തിനുള്ള ഫലപ്രദമായ ഒരുപകരണമായി സഹകരണ പ്രസ്ഥാനത്തെ ബലപ്പെടുത്തേണ്ട ആവശ്യകത ഗവൺമെന്റ് അംഗീകരിക്കുന്നു. പ്രാഥമിക സംഘതലത്തിൽ സഹകരണ പ്രസ്ഥാനം കേരളത്തിൽ ഏറ്റവും ബലപ്പെട്ടിട്ടുണ്ട്. എന്നാൽ വിപണന രംഗത്തും സംസ്കരണ രംഗത്തും ഗണ്യമായ വികസന സാധ്യതകളുണ്ട്. അടുത്തവർഷം, പ്രത്യേകിച്ച് ഈ രണ്ടു രംഗത്തും സഹകരണ പ്രസ്ഥാനം ഉത്തേജിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.'

സർ, വികസന സാധ്യതകളുണ്ട് എന്ന് പറയുമ്പോൾ ഇന്ന് യാതൊരു തരത്തിലും വികസനം പ്രാപിച്ചിട്ടില്ല എന്ന ഒരു ധ്വനിയുണ്ടോ എന്നു തോന്നിപ്പോകുന്നു. സഹകരണരംഗം ആകമാനം കുഴഞ്ഞുമറിഞ്ഞു നിൽക്കുന്ന ഒരു രംഗമാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. വ്യക്തമായ, സമഗ്രമായ ഒരു രൂപരേഖ സഹകരണ പ്രസ്ഥാനത്തിന് ഉണ്ടായേ തീരൂ. രണ്ടു ദിവസം മുൻപ് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യോത്തര വേളയിൽ പറഞ്ഞു. 218.65 ലക്ഷം ഉറുപ്പിക വിപണന രംഗത്തു നഷ്ടം വന്നിരിക്കുകയാണ് എന്ന്. വളരെയേറെ നഷ്ടത്തിലാണ് വിപണന രംഗം കൈകാര്യം ചെയ്യപ്പെടുന്നത് എന്നാണ് ഇതിൽ നിന്ന് ബോധ്യമാകുന്നത്. ഈ സമ്പ്രദായത്തിന് ഒരു മാറ്റം വരുത്തേണ്ടതല്ലേ? ഉല്പാദന-സംഭരണ-വിപണന-ഉപഭോക്ത മേഖലകളെല്ലാം തന്നെ ദേശസാൽക്കരിക്കണമെന്നുള്ള ഒരു പ്രവണത ഈ രാജ്യത്തുയർന്നുവന്നിരിക്കുന്നു. സഹകരണ മേഖലയിലെങ്കിലും അതുണ്ടാകേണ്ടത് നാടിന്റെ പുരോഗതിക്ക് ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം ദൈനംദിനം ക്ഷീണിച്ചു കൊണ്ടിരിക്കുകയാണെന്നുള്ളത് ഒരു സത്യം മാത്രമാണ്. അതിന് കാരണങ്ങളുമുണ്ട്. സർ, ഒരു സഹകരണ പ്രസ്ഥാനം ഒരു വില്ലേജിലെ സാമ്പത്തിക സഹായ യൂണിറ്റാണ്. പഞ്ചായത്തുകൾ രാഷ്ട്രീയമായ പ്രാദേശിക യൂണിറ്റുകളാകുന്നതുപോലെ തന്നെ സഹകരണ പ്രസ്ഥാനങ്ങൾ വില്ലേജുകളിലെ പ്രാഥമികമായ സാമ്പത്തിക യൂണിറ്റാണ്. ഇവയിൽ നിന്നു വിഭജിച്ചു നിൽക്കുന്ന ടൈപ്പുകൾ ആവശ്യമാണോ എന്ന കാര്യം നാം ചിന്തിക്കണം. ഒരു പഞ്ചായത്തിൽ, ഒരു വില്ലേജിൽ, ഒരു തറയിൽ ഇവയിലേതെങ്കിലുമായിക്കൊള്ളട്ടെ, ഭൂമിശാസ്ത്രപരമായ അതിർത്തി വരമ്പുകൾക്കുള്ളിൽ ഒരു സാധാരണ കൃഷിക്കാരൻ ചെന്നാൽ കാർഷികോല്പാദന മേഖലയ്ക്ക് സഹായം നൽകാനുള്ള കടം അവിടെ നിന്നും കിട്ടണം. അതുപോലെ തന്നെ താൻ ഉല്പാദിപ്പിച്ച സാധനങ്ങൾ അവിടെ വിൽക്കുമ്പോൾ അവിടെ നിന്നും തനിക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുവാനുള്ള സമ്പ്രദായം കൂടി ഉണ്ടാകണം. അങ്ങനെ ഉല്പാദന-വിപണന-സംഭരണ-ഉപഭോക്ത മേഖല ആകമാനം സഹകരണ സംഘത്തിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് വിവിധ തരത്തിലുള്ള ടൈപ്പുകളിലുള്ള പ്രസ്ഥാനമായി രൂപപ്പെടുത്തിക്കൂടേ എന്നുള്ളതാണ് എന്റെ മനസ്സിലുദിക്കുന്ന ചോദ്യം. എങ്കിലേ സാധാരണക്കാരനു ഗുണമുണ്ടാകുകയുള്ളൂ. ആ നിലവച്ചു നോക്കുമ്പോൾ സഹകരണ പ്രസ്ഥാനത്തെയാകമാനം ഉയർത്തിക്കൊണ്ടു വരേണ്ട ഒരു കാലഘട്ടം വന്നിരിക്കുന്നു എന്നു തോന്നിപ്പോകുന്നു.

പലിശയുടെ തത്വത്തിൽ വളരെയധികം വ്യത്യാസം നിലനിൽക്കുന്നുണ്ട്. ജില്ലാതലങ്ങളിൽ അത് ആവശ്യമാണോ? ബഹുമാനപ്പെട്ട മന്ത്രി രണ്ടു ദിവസം മുമ്പ് സൂചിപ്പിച്ചു ഇവിടെ വ്യവസായങ്ങൾ ഉണ്ടോ, ഇല്ലയോ എന്നുള്ള പ്രശ്നം ചർച്ചയിൽ ഇരിക്കുകയാണെന്ന്. സാധാരണക്കാരുടെ അടുത്ത് നിന്ന് കൂടുതൽ പലിശ ഈടാക്കുന്ന ജില്ലാ ബാങ്കുകൾ തന്നെ അതിന്റെ ശാഖകൾ പ്രാഥമിക ബാങ്കുകളുടെ അടുത്തു കൊണ്ടു ചെന്നു സ്ഥാപിച്ചിട്ട് ഒരു മത്സരം നടത്തുന്നു എന്നാണ് സഹകരണ സംഘങ്ങളുടെ ഒരു വാദം. സംസ്ഥാന സഹകരണ മേഖലയിൽ ജില്ലാതലത്തിൽ ശാഖകൾ ഉണ്ടാക്കുന്നതായി മറ്റൊരു വാദം. സംസ്ഥാന സഹകരണ ബാങ്കുകൾ ജില്ലാതലത്തിൽ പോലും പുതിയ ശാഖകൾ ഉണ്ടാക്കുന്നതായി കാണുന്നു. ഇതൊക്കെ വരുമ്പോൾ പരസ്പരം മത്സരിക്കുന്ന രംഗത്തേയ്ക്ക് സഹകരണ പ്രസ്ഥാനം നീങ്ങുന്നുണ്ടെന്നു കാണാം. വിതരണ മേഖലയിൽ ഒരു പോസ്റ്റുമാന്റെ ഉത്തരവാദിത്വം മാത്രമാണ് വഹിക്കുന്നതെങ്കിൽ ഇതിന്റെ ആവശ്യം ഉണ്ടോ സർ? ജില്ലാ ബാങ്കുകൾ ശാഖകൾ, പ്രാഥമിക ബാങ്കുകളുടെ മുമ്പിൽ തുറക്കുന്നു, അവരും പലിശയ്ക്ക് കാശ് കൊടുത്തു കൊണ്ടിരിക്കുന്നു. അതാണ് നാട്ടിൽ കാണുന്ന സമ്പ്രദായം. അവരെ ഇന്ന് റസ്ട്രിക്റ്റ് ചെയ്തിട്ടില്ല. അതുപോലെ തന്ന സഹകരണ ബാങ്കുകൾ ഇന്ന് ദേശവൽകൃത ബാങ്കുകൾ മൽസരിക്കുന്ന രംഗത്ത് ക്ഷീണിച്ചുകൊണ്ടിരിക്കുകയാണ്. ദേശവൽകൃത ബാങ്കുകൾ കുറെ സഹായം നൽകുന്നുണ്ട്. അത്രത്തോളം ആനുപാതികമായ സഹായം സഹകരണ പ്രസ്ഥാനത്തിൽ നിന്ന് കിട്ടുന്നില്ല. ഇതു വരുമ്പോൾ മേൽത്തട്ടുകൾ തമ്മിലുള്ള മൽസരം, ദേശസാൽകൃത ബാങ്കുകൾ തമ്മിലുള്ള മൽസരം, സംഘങ്ങൾ അന്യോന്യം ഉള്ള മൽസരം, ഉള്ളതുകൊണ്ട് സഹകരണ പ്രസ്ഥാനങ്ങളിൽ ആകമാനം കുഴപ്പം ഉണ്ടാകുന്നു. ഈ കുഴപ്പം പരിഹരിക്കണമെങ്കിൽ ഒരു ഏകീകൃതമായ രൂപരേഖ ഉണ്ടാകണം. ഭൂമിശാസ്ത്രപരമായ അതിർത്തിവരമ്പുകൾക്കുള്ളിൽ ഉൽപാദകന് സഹായം നൽകാനും സംഭരിക്കുന്നതിന് സഹായം നൽകാനും വിതരണത്തിന് സഹായം നൽകാനും ഉപഭോക്താവിന് മെച്ചപ്പെട്ട ഗുണം നൽകാനും ഉപയുക്തങ്ങളായ സഹകരണസംഘങ്ങളെ വാർത്തെടുക്കാൻ സാധിക്കുമോ എന്നത് പരിശോധിക്കേണ്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് സഹകരണപ്രസ്ഥാനത്തെ വളർത്തിക്കൊണ്ടു വരണമെന്ന് വളരെ ആഗ്രഹം ഉണ്ടെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതു ശരിയാണെങ്കിൽ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ടീം, വൈദേശിക സഹകരണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് പഠിക്കണം. ജപ്പാനാണ് ഇന്റർനാഷണലായി, ഏറ്റവും നല്ല സഹകരണ പ്രസ്ഥാനത്തിന്റെ മാതൃകാത്വം ഉൾക്കൊള്ളുന്നതെന്നാണ് പലരും പറഞ്ഞു കേട്ടത്. ഇത് സ്വീകരിച്ചിട്ടായാലും അല്ലെങ്കിലും സഹകരണപ്രസ്ഥാനത്തിനാകമാനം നല്ലൊരു ഭാവി പ്രദാനം ചെയ്യാൻ ശ്രമിക്കണം എന്നുള്ളതാണ് എന്റെ പ്രമേയം.ഇതിനെക്കുറിച്ച് ചർച്ച ചെയ്യണം. പ്രമേയം നിരുപദ്രവമാണ്. ആരെയും ക്ഷീണിപ്പിക്കുന്ന തരത്തിലുള്ളതല്ല. സ്നേഹപുരസ്സരം ഇത് അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്."

പി.ആർ. കുറുപ്പ് (1915-2001)

1915 സെപ്റ്റംബർ 30 ന് ഗോവിന്ദൻ നമ്പ്യാരുടെയും കുഞ്ഞൂഞ്ഞമ്മയുടെയും മകനായാണ് പി.ആർ.കുറുപ്പെന്ന പുത്തൻ പുരയിൽ രാവുണ്ണി കുറുപ്പിന്റെ ജനനം. പ്രൈമറി സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഒന്നാം കേരള നിയമസഭയിലും രണ്ടാം കേരള നിയമസഭയിലും കൂത്തുപറമ്പിൽ നിന്നും മൂന്ന്, അഞ്ച്, എട്ട്, പത്ത് എന്നീ നിയമസഭകളിൽ പെരിങ്ങളത്ത് നിന്നും നിയമസഭാംഗമായി. 1967-69 കാലഘട്ടത്തിൽ ജലസേചനം, സഹകരണം 1996 - 99 കാലഘട്ടത്തിൽ, ഗതാഗതം, വനം എന്നീ വകുപ്പുകളുടെ മന്ത്രിയായി ചുമതല വഹിച്ചിട്ടുണ്ട്. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി, ഹൗസ് കമ്മിറ്റി എന്നിവയിൽ അദ്ധ്യക്ഷനായും പ്രവർത്തിച്ചിരുന്നു. ‘എന്റെ നാടിന്റെ കഥ എന്റേയും’ അദ്ദേഹത്തിന്റെ ആത്മകഥയാണ്. സാമാജികനായ കെ. പി. മോഹനൻ മകനാണ്. 2001 ജനുവരി 17 ന് അന്തരിച്ച പി. ആർ. കുറുപ്പിന് 2001 ഫെബ്രുവരി 16 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

വിശ്വകവിയുടെ സന്ദർശനത്തിന് നൂറാണ്ട്



ദേശീയ രാഷ്ട്രീയത്തിലും സാഹിത്യത്തിലും തിളങ്ങി നിന്ന വേളയിലാണ് വിശ്വഭാരതി സർവ്വകലാശാലയുടെ ധനശേഖരണാർത്ഥം രബീന്ദ്രനാഥ ടാഗോർ കേരളം സന്ദർശിക്കുന്നത്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ ക്ഷണപ്രകാരമാണ് ടാഗോറും സംഘവും തിരുവനന്തപുരത്തെത്തിയത്. ടാഗോർ കേരളത്തിലെത്തുമ്പോൾ നോബൽ സമ്മാനാർഹനായ അദ്ദേഹം വിശ്വപ്രസിദ്ധനായിരുന്നു. ടാഗോറിനൊപ്പം അദ്ദേഹത്തിന്റെ മകൻ യതീന്ദ്രനാഥ് ടാഗോർ, മരുമകൾ പ്രതിമാ ദേവി, ദീനബന്ധു സി.എഫ്.ആൻഡ്രൂസ് എന്നിവരുമുണ്ടായിരുന്നു. 1922 നവംബർ 9 ന് ചാക്ക റെയിൽവേ സ്റ്റേഷനിലെത്തിയ മഹാകവിയെയും സംഘത്തെയും ദിവാൻ

വിശ്വഭാരതി സർവ്വകലാശാല (പഴയചിത്രം)

ടി.രാഘവയ്യ, ഉദ്യോഗസ്ഥർ, സ്വാഗതസംഘം അദ്ധ്യക്ഷൻ മള്ളൂർ ഗോവിന്ദപിള്ള എന്നിവർ ചേർന്ന് സ്വീകരിച്ചു. തിരുവനന്തപുരം പാളയത്ത് ഇന്ന് യൂണിവേഴ്സിറ്റി ലൈബ്രറി സ്ഥിതി ചെയ്യുന്നിടത്താണ് ടാഗോറിനുള്ള സ്വീകരണ പന്തൽ ഉയർന്നത്.

തിരുവിതാംകൂർ സന്ദർശനവേളയിൽ ടാഗോറും കുടുംബവും സി. എഫ്. ആൻഡ്രൂസും

നവംബർ 9 ന് ടാഗോറും സംഘവും എത്തുന്നതിന് മുൻപ് തന്നെ പ്രദേശമാകെ ജനനിബിഡമായി. ധനശേഖരണാർത്ഥമുള്ള സന്ദർശനമായതിനാൽ തന്നെ പന്തലിലേക്ക് ടിക്കറ്റുള്ളവർക്ക് മാത്രമായിരുന്നു പ്രവേശനം. സ്വീകരണ ചടങ്ങിന് വൈകുന്നേരം 5 മണിക്ക് തന്നെ ടാഗോറും കുടുംബവും എത്തി. സി.എഫ്.ആൻഡ്രൂസും ഒപ്പമുണ്ടായിരുന്നു. താലപ്പൊലിയോടെയും വാദ്യഘോഷങ്ങളോടെയും ചീഫ് സെക്രട്ടറി എൻ.കൃഷ്ണപിള്ളയുടെയുടെ നേതൃത്വത്തിലുള്ള സംഘം അതിഥികളെ സ്വീകരിച്ച് വേദിയിലേക്ക് ആനയിച്ചു. ഈയവസരത്തിൽ ടാഗോറിനോടുള്ള ബഹുമാനാർത്ഥം സദസ്സ് ഒന്നടങ്കം എഴുന്നേറ്റ് നിന്നു. ടാഗോറിന്റെ കാൽതൊട്ട് വന്ദിക്കാൻ മഹാകവി കുമാരനാശാൻ ഉൾപ്പെടെ നിരവധിപേർ എത്തി. ആശാന്റെ 'ദിവ്യകോകിലം' (ടാഗോർ മംഗളം) എന്ന സ്വാഗത ഗാനവും, ഉള്ളൂരും മള്ളൂരും രചിച്ച മംഗളകാവ്യങ്ങളും അന്ന് വിദ്യാർത്ഥിയായിരുന്ന സി. കേശവൻ വേദിയിൽ വായിച്ചു. ഉള്ളൂർ എസ്.പരമേശ്വരയ്യർ തയ്യാറാക്കിയ മംഗളപത്രം ദിവാൻ രാഘവയ്യ വായിച്ച ശേഷം മഹാകവി ടാഗോറിന് സമ്മാനിച്ചു. ടാഗോറിന്റെയും കുടുംബത്തിന്റെയും ചിത്രം തലസ്ഥാനത്തെ ആദ്യ സ്റ്റുഡിയോകളിൽ ഒന്നായ രാമൻപിള്ള ബ്രദേഴ്സ് സ്വീകരണപന്തലിൽ ഫോട്ടോ സെറ്റിട്ടാണ് പകർത്തിയത്. നവംബർ 10 ന് ടാഗോറിനോടുള്ള ബഹുമാനസൂചകമായി അദ്ദേഹത്തിന്റെ 'ചിത്ര' എന്ന നാടകം അയ്യങ്കാളി ഹാളിൽ (അന്നത്തെ വി.ജെ.റ്റി.ഹാൾ) അരങ്ങേറി. തിരുവനന്തപുരത്തെത്തിയ ടാഗോർ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാളിനെ കൃഷ്ണവിലാസം കൊട്ടാരത്തിലെത്തി സന്ദർശിക്കുകയും 1921 ൽ സ്ഥാപിതമായ വിശ്വഭാരതിക്ക് മഹാരാജാവ് വലിയ ഒരു തുക സംഭാവന നൽകുകയും ചെയ്തു. നവംബർ 15 ന് കൊല്ലത്തേക്ക് പോകുന്ന വഴി ശിവഗിരി മഠത്തിലെത്തി ശ്രീനാരായണ ഗുരുദേവനെയും ടാഗോർ സന്ദർശിച്ചു.

നെറ്റിപ്പട്ടം കെട്ടിയ മൂന്ന് ഗജവീരൻമാരുടെ അകമ്പടിയോടെ ഘോഷയാത്രയായി പല്ലക്കിലാണ് ടാഗോറിനെ ശിവഗിരിയിലേക്ക് ആനയിച്ചത്. ഗുരുദേവൻ വിശ്രമിക്കുന്ന വൈദിക മഠത്തിൽ കാൽനടയായാണ് ടാഗോർ എത്തിയത്. ശിവഗിരിയിൽ കുമാരനാശാന്റെയും ഡോ.പൽപ്പുവിന്റെയും സാന്നിധ്യത്തിൽ ഗുരുദേവൻ ടാഗോറുമായി സംവദിച്ചു. ഗുരുദേവന്റെയും ടാഗോറിന്റെയും സംഭാഷണത്തിലെ ദ്വിഭാഷി ഡോ.പൽപ്പുവായിരുന്നു. ടാഗോറിനൊപ്പമുള്ള സംഘത്തോട് കുമാരനാശാൻ ബംഗാളി ഭാഷയിൽ ആശയ വിനിമയം നടത്തി. മധുരങ്ങളുടെ നാട്ടിൽ നിന്നെത്തിയ കവിക്ക് കേരനാട്ടിന്റെ തനിമ നിറഞ്ഞ 'തെങ്ങിൻ പൊങ്ങ്' വിശേഷ ഭോജ്യമായി നൽകിയാണ് വൈദിക മഠം മഹാകവിയെ സ്വീകരിച്ചത്. പ്രഥമദർശനത്തിൽ തന്നെ ഗുരുവിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ ടാഗോർ ഗുരുവിന്റെ ഇരുകരങ്ങളും ചേർത്തു പിടിച്ച് അമർത്തി ചുംബിച്ചു. കേരളത്തിന്റെ അന്നത്തെ സാമൂഹ്യ സാഹചര്യങ്ങളും ജാതീയമായ ഉച്ചനീചത്വങ്ങളും അവിടെ സംസാരവിഷയമായി.

ശിവഗിരിയിൽ നിന്ന് കൊല്ലത്തെത്തിയ ടാഗോർ താമസിച്ചത് തേവള്ളി കൊട്ടാരത്തിലായിരുന്നു. നവംബർ 17 ന് ആലപ്പുഴയിലും 18 ന് എറണാകുളത്തും അദ്ദേഹം എത്തി. ആലുവ അദ്വൈതാശ്രമവും യു.സി.കോളേജും അദ്ദേഹം സന്ദർശിച്ചു. അദ്വൈതാശ്രമത്തിൽ വൻ സ്വീകരണമാണ് ടാഗോറിന് നൽകിയത്. യു.സി.കോളേജിൽ അദ്ദേഹം ഒരു മാവ് നടുകയും ചെയ്തു. തൃപ്പൂണിത്തുറ കൊട്ടാരത്തിലെത്തിയ ടാഗോർ കൊച്ചി മഹാരാജാവിനെ സന്ദർശിച്ചു. കൊച്ചി മഹാരാജാവും വിശ്വഭാരതിക്കായി സംഭാവന നൽകുകയുണ്ടായി. നവംബർ 9 ന് ഷൊർണ്ണൂരിലെത്തിയ ടാഗോർ തീവണ്ടി മാർഗം ബോംബെക്ക് പോയി. ടാഗോർ കേരളം സന്ദർശിച്ചതിന്റെ സ്മരണ പുതുക്കി സന്ദർശനത്തിന്റെ ശതാബ്ദി 2022 ൽ ആഘോഷിച്ചിരുന്നു. എന്നാൽ 1919 ഫെബ്രുവരി 7,8 തീയതികളിൽ ടാഗോർ പാലക്കാട്ടെത്തിയിട്ടുണ്ട്. 1919 ഫെബ്രുവരി 7 ന് കോയമ്പത്തൂരിൽ നിന്നും തീവണ്ടി മാർഗ്ഗം ഒലവക്കോട്ടെത്തിയ അദ്ദേഹത്തിന് വൻ വരവേൽപ്പാണ് നൽകിയത്. അന്നേ ദിവസം നേറ്റീവ് ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ ശാന്തിനികേതന് പാലക്കാട്ടുകാരുടെ സംഭാവനയായി 1,008 രൂപയും നൽകിയിരുന്നു.

തയ്യാറാക്കിയത്:
രാഖി കെ.വി., സെക്ഷൻ ഓഫീസർ

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



The Dismantling of India in 35 Potraits

T.J.S. George

Simon & Schuster: London, 2022.

zw2 R2

(This book is a collection of profiles of selected personalities that have dominated the nation's attention for 75 years.)

അനന്തരം

(3 ാം പതിപ്പ്)

ജോയ് തമലം

സൈന്ധവ ബുക്സ്: കൊല്ലം, 2022.

NRw212BAL 32 R2

(വയലിൻ കൊണ്ട് ഇന്ദ്രജാലം സൃഷ്ടിച്ച ബാലഭാസ്കർ എന്ന പ്രതിഭയുടെ വളർച്ചയും ജീവിതാനുഭവങ്ങളും അടയാളപ്പെടുത്തുന്ന പുസ്തകം.)

വൈക്കം സത്യാഗ്രഹം ഒരു ഇതിഹാസ സമരം

സുകുമാരൻ മൂലേക്കാട്ട്

സദ്ഭാവന ട്രസ്റ്റ് : തിരുവനന്തപുരം , 2022.

V212,58(Q) 32 R2

(സാമൂഹിക നവോത്ഥാന പോരാട്ടങ്ങളുടെ ചരിത്രത്തിലെ അത്യുജ്ജ്വലമായ ഒരു രേഖയായി വിശേഷിപ്പിക്കപ്പെട്ട വൈക്കം സത്യാഗ്രഹത്തെക്കുറിച്ചുള്ള ഒരു റഫറൻസ് ഗ്രന്ഥം.)



ഒയ്യാരത്തു ചന്തുമേനോൻ

(2 ാം പതിപ്പ്)

മൂർക്കോത്തു കുമാരൻ

സൈന്ധവ ബുക്സ് : കൊല്ലം, 2022

O32,3wCHA R2

(ഇന്ദുലേഖയുടെയും ശാരദയുടെയും കർത്താവായ ഒ.ചന്തുമേനോൻ എന്ന വ്യക്തിയെക്കുറിച്ചും അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചും വിശദീകരിക്കുന്ന ജീവചരിത്രഗ്രന്ഥം.)



ആബിദ് വീണ്ടും വന്നപ്പോൾ

ബാനു മുഷ്താഖ്

വിവ.: പയ്യന്നൂർ കുഞ്ഞിരാമൻ മാസ്റ്റർ

സമത ബുക്ക്സ് : തൃശ്ശൂർ, 2022.

O33,3 BHA 32 R2

(5 കന്നഡ നോവെലൈറ്റുകൾ.)

കേരള രാഷ്ട്രീയ ചരിത്രം: അകവും പുറവും (2 ാം പതിപ്പ്)

രാഹുൽ ചക്രപാണി

കൈരളി ബുക്ക്സ് : കണ്ണൂർ, 2022

Wv212 32 R2

(കേരളത്തിലെ വിവിധ തെരഞ്ഞെടുപ്പുകളും പാർട്ടികളുടെ പിളർപ്പും കേരളപ്പിറവിക്കു മുൻപുള്ള ചരിത്രവും വിശദീകരിക്കുന്ന ഗ്രന്ഥം)



BABASAHEB : My Life with Dr. Ambedkar

Savita Ambedkar

Tr.: Nadeem Khan

Vintage: USA, 2022.

V2y7AMB R2

(This book offers a fascinating insight into Dr. Ambedkar's physical condition and emotional life, especially in his final decade by his partner, Savita Ambedkar. In Marathi, this book published with title 'Dr Ambedkaranchya Sahavaasaat'.)

കുട്ടികളുടെ ഉപനിഷത്ത്

അഡ്വ. ഡി. സുരേഷ് കുമാർ

സൈന്ധവ ബുക്സ്: കൊല്ലം, 2022.

Q1:24(Y11) 32 R2

(ലളിതമായ ഭാഷയിൽ ഉപനിഷത്തുകളും അവയുടെ തത്വങ്ങളും പ്രസക്തിയും വ്യക്തമാക്കുന്ന ബാലസാഹിത്യ കൃതി.)

Distress in the Fields : Indian agriculture after liberalization

R. Ramakumar, Ed.

Tulika Books : New Delhi, 2022.

X8(J) R2

(This volume demonstrates the impact of policies of liberalization of Indian agriculture including land ownership, crop incomes, marketing, food distribution etc.)

പ്രതിപക്ഷം അല്ലാതാവുന്ന മാധ്യമങ്ങൾ

അനിൽകുമാർ എ.വി.

കൈരളി ബുക്ക്സ് : കണ്ണൂർ, 2021.

4(W64) 32 R1

(ഇന്ത്യയിലെ മാധ്യമങ്ങളുടെ അമിത കാവിവത്ക്കരണത്തെക്കുറിച്ചും രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ചും വിശദീകരിക്കുന്ന ഗ്രന്ഥം.)



ഇന്ത്യ: കാഴ്ചകളുടെ കൊളാഷ്

ഡോ. ഗോപി പുതുക്കോട്

കൈരളി ബുക്ക്സ് : കണ്ണൂർ, 2021.

U8.2 32 R2

(ഇന്ത്യയുടെ വൈവിദ്ധ്യങ്ങളായ ദേശങ്ങളെക്കുറിച്ചുള്ള യാത്രാ വിവരണം.)



Caste, Knowledge and Power:

Ways of Knowing in Twentieth Century Malabar

K.N. Sunandan

Cambridge University Press: New York, 2022.

Y592.2153 R2

(This is a comparative study of two caste communities in Malabar - carpenter caste and Brahmins and the author focuses on how the modern colonial-Brahmanism concept of knowledge invalidated and how historically caste domination transformed from ritual practices to possession of knowledge.)

ചിത്രജാലകം

1998 മേയ് 22 ന് കേരള നിയമസഭാ മന്ദിരത്തിന്റെ ഉദ്ഘാടനം രാഷ്ട്രപതി കെ.ആർ. നാരായണൻ നിർവഹിക്കുന്നു.

2023 മേയ് 22 ന് നടന്ന കേരള നിയമസഭാ മന്ദിരത്തിന്റെ രജത ജൂബിലി ആഘോഷ വേളയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ വൃക്ഷത്തൈ നടുന്നു.

വിജ്ഞാനപഥം

1. ദേശീയ വനിതാ കമ്മീഷൻ സ്ഥാപിക്കപ്പെട്ടതെന്ന് ?

   1992 ജനുവരിയിൽ

2. ദേശീയ വനിതാ കമ്മീഷന്റെ ആദ്യ അദ്ധ്യക്ഷ ആര്?

   ജയന്തി പട്നായിക്

3. ദേശീയ വനിതാ കമ്മീഷന്റെ ഔദ്യോഗിക വാർത്താ പത്രിക ഏത്?

   രാഷ്ട്ര മഹിള (സ്ത്രീശക്തിയാണ് കേരള വനിതാ കമ്മീഷന്റെ വാർത്താ പത്രിക)

4. ദേശീയ വനിതാ കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ആര്?

   രേഖ ശർമ്മ (2018 ആഗസ്റ്റ് 7 മുതൽ)

5. കേരള വനിതാ കമ്മീഷൻ സ്ഥാപിതമായതെന്ന്?

   1996 മാർച്ച് 14

6. ഏത് ആക്ട് പ്രകാരമാണ് കേരള വനിതാ കമ്മീഷൻ സ്ഥാപിക്കപ്പെട്ടത്?

   1995 ലെ ദി കേരള വിമൺസ് കമ്മീഷൻ ആക്ട്

7. സംസ്ഥാന വനിതാ കമ്മീഷനിൽ അദ്ധ്യക്ഷയെ കൂടാതെ എത്ര അംഗങ്ങളാണ് ഉള്ളത്?

   അഞ്ച് അംഗങ്ങൾ (മൂന്ന് അംഗങ്ങളും രണ്ട് എക്സ്-ഒഫീഷ്യോ അംഗങ്ങളും)

8. സംസ്ഥാന വനിതാ കമ്മീഷന്റെ ആസ്ഥാനം ?

   തിരുവനന്തപുരം

9. സംസ്ഥാന വനിതാ കമ്മീഷന്റെ ആദ്യ അദ്ധ്യക്ഷ ആര്?

   സുഗതകുമാരി

10. സംസ്ഥാന വനിതാ കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ആര്?

   പി. സതീദേവി

ജയന്തി പട്നായിക്

പി. സതീദേവി

സുഗതകുമാരി

ബജറ്റ് വിശ്വാസ്യതയിൽ മുന്നേറ്റം

ഡോ. എൻ. ജയരാജ്
ഗവ. ചീഫ് വിപ്പ്

സർക്കാരിന്റെ ഒരു വർഷത്തേയ്ക്കുള്ള നയ പരിപാടികളും വികസന അജണ്ടകളും നടപ്പിലാക്കുന്നതിനാവശ്യമായ വിഭവ സമാഹരണവും വിതരണവും ശാസ്ത്രീയമായി വിശദീകരിക്കുന്ന ഭരണഘടനാ ബാധ്യതയാണ് ബജറ്റ്. യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് പ്രവചനങ്ങൾ ഫലപ്രദമായ പബ്ലിക് ഫിനാൻസ് മാനേജ്മെന്റിന് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ ബജറ്റ് എസ്റ്റിമേറ്റുകളുടെ വിശ്വാസ്യതയും കൃത്യതയും സർക്കാരിന്റെ പ്രതിച്ഛായയുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്നു. പ്രത്യേകിച്ച് ധന ഉത്തരവാദിത്വ നിയമം നിലവിൽ വന്നതോടെ ഇവയുടെ നിയമ അടിത്തറയും വിശകലന സാധ്യതകളും കൂടുതൽ വിപുലമായ പശ്ചാത്തലത്തിൽ ഒരു ബജറ്റ് ലക്ഷ്യമിട്ട കാര്യങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ വിശ്വാസ്യത നിർണ്ണയിക്കുക. ഔട്ട് കം ബജറ്റ് വിലയിരുത്തുന്നതിലൂടെ മാത്രമേ ഇക്കാര്യത്തിൽ കൃത്യമായ ഒരു നിഗമനത്തിൽ എത്തിച്ചേരാനാകൂ. എങ്കിലും എസ്റ്റിമേറ്റുകൾ പ്രകാരമുള്ള നികുതി വരുമാനം നേടാനായോ എന്നതും ആസൂത്രണം ചെയ്തതനുസരിച്ച് ചെലവുകൾ നിർവ്വഹിക്കാനായോ എന്നതും വിശകലനം ചെയ്ത് ബജറ്റിന്റെ കാര്യക്ഷമത വിലയിരുത്താനാകും. ചുരുക്കത്തിൽ ബജറ്റ് എസ്റ്റിമേറ്റുകളും ഓഡിറ്റ് ചെയ്ത അന്തിമ കണക്കുകളും തമ്മിലുള്ള അന്തരം കുറയുന്നതനുസരിച്ച് ബജറ്റുകളുടെ വിശ്വാസ്യത അല്ലെങ്കിൽ കൃത്യത വർദ്ധിക്കും എന്നർത്ഥം.

ബജറ്റ് എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വികസന ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുക. അതുകൊണ്ട് ബജറ്റ് പ്രവചനത്തിൽ വലിയ മാറ്റങ്ങളുണ്ടായാൽ അത് സംസ്ഥാനത്തിന്റെ മുൻഗണനാക്രമം തന്നെ അട്ടിമറിക്കപ്പെടുന്നതിനിടയാക്കും. സാധാരണയായി ഫെബ്രുവരി/മാർച്ച് മാസത്തിലെ ബജറ്റ് പ്രസംഗത്തിലാണ് സംസ്ഥാനത്തിന്റെ വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച പ്രവചനങ്ങൾ ആദ്യം നടത്തുക. പ്രധാനമായും മൂന്ന് തരത്തിലാണ് ഇവ അവതരിപ്പിക്കപ്പെടാറുള്ളത്: ഒന്ന്, അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്, രണ്ട്, നടപ്പു സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, മൂന്ന്, മുൻ സാമ്പത്തിക വർഷത്തെ യഥാർത്ഥ ബജറ്റ് കണക്കുകൾ. രണ്ടും മൂന്നും ഗണത്തിൽ വരുന്ന കണക്കുകൾ സ്വാഭാവികമായും കൂടുതൽ കൃത്യതയുള്ളതായിരിക്കും. എന്നാൽ ഒന്നാമത്തെ ഗണത്തിൽ വരുന്ന എസ്റ്റിമേറ്റുകളുടെ കാര്യം അങ്ങനെയല്ല. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായ നിരവധി ഘടകങ്ങൾ ഇവയെ മാറ്റിമറിക്കാറുണ്ട്. ഇവയെല്ലാം മുൻകൂട്ടി കണ്ട് കണക്കുകൾ കൃത്യമായി പ്രവചിക്കാൻ വകുപ്പിന് സാധിച്ചാൽ മാത്രമേ ബജറ്റ് എസ്റ്റിമേറ്റുകളിൽ കൃത്യത ഉണ്ടാകൂ. നഷ്ടപ്പെട്ട ഈ കൃത്യത ഒരു ചെറിയ ഇടവേളയ്ക്കു ശേഷം വീണ്ടെടുക്കാനായത് വകുപ്പിനും സർക്കാരിനും അഭിമാനാർഹമായ നേട്ടമാണ്.

നോട്ടു നിരോധനവും, ജി.എസ്.ടി. നടപ്പിലാക്കിയതും തുടർച്ചയായ രണ്ടു പ്രളയവും കോവിഡ് മഹാമാരിയും ആഗോള സാമ്പത്തിക മാന്ദ്യവുമെല്ലാം മൂലം കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ ബജറ്റ് ലക്ഷ്യമിട്ട നികുതി വരുമാനം കൈവരിക്കുന്നതിന് സാധിച്ചിരുന്നില്ല. ഇത് കേരളത്തിന്റെ മാത്രം സ്ഥിതിയല്ല, രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ഇത് തന്നെയായിരുന്നു കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ അവസ്ഥ. ഡൽഹി കേന്ദ്രമായ പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ച്, സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ വിശ്വാസ്യതയുമായി ബന്ധപ്പെട്ടു നടത്തിയ പഠനത്തിൽ 2015 മുതൽ 2020 വരെയുള്ള കാലയളവിൽ രാജ്യത്തെ 18 സംസ്ഥാനങ്ങളും ബജറ്റ് ലക്ഷ്യമിട്ടതിനേക്കാൾ 10 മുതൽ 20 ശതമാനം വരെ കുറവ് നികുതി മാത്രമാണ് പിരിച്ചെടുത്തത്. കേരളത്തിലെ നികുതി വരുമാനത്തിൽ 13 ശതമാനത്തിന്റെ കുറവാണ് ഇക്കാലയളവിൽ ഉണ്ടായത്. ത്രിപുര, ആന്ധ്രാപ്രദേശ്, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങൾ ലക്ഷ്യമിട്ടതിലും 20 ശതമാനം കുറവാണ് പിരിച്ചെടുത്തത്. അതുകൊണ്ടുതന്നെ ധന ഉത്തരവാദിത്വ നിയമം മുന്നോട്ടുവച്ച ധന സൂചികകൾ നിയന്ത്രിച്ചു നിർത്താൻ ഇക്കാലയളവിൽ കേന്ദ്രത്തിനെപ്പോലെ തന്നെ സംസ്ഥാനങ്ങൾക്കും സാധിച്ചിരുന്നില്ല. വരവ് കുറഞ്ഞതിന് ആനുപാതികമായി ചെലവുകൾ കുറഞ്ഞില്ലെങ്കിലും ബജറ്റ് എസ്റ്റിമേറ്റ് ചെയ്തതിൽ ശരാശരി 9 ശതമാനത്തിന്റെ കുറവ് റവന്യൂ ചെലവുകളുടെ കാര്യത്തിലും 17 ശതമാനത്തിന്റെ കുറവ് മൂലധന ചെലവുകളുടെ കാര്യത്തിലും ഇക്കാലയളവിൽ സംസ്ഥാനങ്ങളിൽ ഉണ്ടായി. 2020-21 ൽ സ്ഥിതി കൂടുതൽ രൂക്ഷമാകുകയാണുണ്ടായത്. കോവിഡ് മഹാമാരിമൂലം സംസ്ഥാനങ്ങളുടെ വരുമാനം ശരാശരി 22 ശതമാനത്തോളമാണ് ഇടിഞ്ഞത്. എന്നാൽ ചെലവഴിക്കലിൽ സംഭവിച്ച ഇടിവ് ശരാശരി 14 ശതമാനം മാത്രമാണ്. എന്നിരുന്നാലും ഉത്തർപ്രദേശ്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങൾ ചെലവഴിക്കലിൽ 26 ശതമാനം വരെ കുറവു വരുത്തി. പക്ഷെ കേരളം വ്യത്യസ്തമായ മാതൃകയാണ് പിന്തുടർന്നത്. വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് ചെലവഴിക്കലിൽ കാണിച്ചില്ല. ആരോഗ്യ, വിദ്യാഭ്യാസ, പൊതുവിതരണ, ക്ഷേമ, വികസന മേഖലകളിൽ വലിയ തുക ചെലവഴിച്ച് ജനങ്ങൾക്കൊപ്പം നിന്ന് കോവിഡ് നേരിടുവാനാണ് സർക്കാർ ശ്രമിച്ചത്. കണക്കുകൾ നൽകുന്ന ശുഭസൂചന ബജറ്റ് എസ്റ്റിമേറ്റുകളുടെ വിശ്വാസ്യതയിൽ കേരളം വളരെ മുന്നേറിയെന്നതാണ് 2022 -23 സാമ്പത്തിക വർഷത്തെ സി.എ.ജി. ഓഡിറ്റ് ചെയ്ത പ്രാഥമിക കണക്കുകൾ നൽകുന്ന സൂചന. ലക്ഷ്യമിട്ട റവന്യൂ വരുമാനത്തിന്റെ 99 ശതമാനവും കൈവരിക്കാനായി. ജി.എസ്.ടി. നഷ്ടപരിഹാരം, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, മറ്റ് ഗ്രാന്റ്-ഇൻ -എയിഡുകൾ എന്നിവയിൽ കേന്ദ്രം ഉയർത്തിയ വെല്ലുവിളികൾക്കിടയിലും ഈ നേട്ടം കൈവരിക്കാനായത് സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിന്റെ കാര്യക്ഷമതയെയാണ് കാണിക്കുന്നത്.

2022-23 സാമ്പത്തിക വർഷത്തെ സി.എ.ജി. പുറത്തുവിട്ട പ്രാഥമിക കണക്കുകളിൽ നിന്ന് ബജറ്റ് ലക്ഷ്യമിട്ട നികുതി വരുമാനത്തിന്റെ 98.84 ശതമാനവും പിരിച്ചെടുക്കാൻ കേരളത്തിനായി എന്ന് വ്യക്തമാണ്. ലക്ഷ്യമിട്ട 1,34,097.80 കോടി രൂപയിൽ 1,32,536.77 കോടി രൂപയും പിരിച്ചെടുക്കാൻ സാധിച്ചു. അതോടൊപ്പം റവന്യൂ ചെലവ് ഗണ്യമായി കുറയ്ക്കുവാനും കഴിഞ്ഞു എന്നത് സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് ശരിയായ ദിശയിലാണ് എന്ന സൂചനയാണ് നൽകുന്നത്. സംസ്ഥാനത്തിനുമേൽ കേന്ദ്രം കടുത്ത സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിലും കടമെടുപ്പ് നിയന്ത്രിച്ച് ധന സൂചിക ലക്ഷ്യങ്ങൾക്ക് അടുത്തെത്തിക്കുവാൻ സാധിച്ചു എന്നത് അഭിമാനാർഹമായ നേട്ടമാണ്. ധനകമ്മിയും റവന്യൂ കമ്മിയും ഗണ്യമായി കുറഞ്ഞു. ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് 1,68,522 കോടി രൂപയായിരുന്നെങ്കിലും ഇത് 1,39,630 കോടി രൂപയിൽ നിർത്താൻ സാധിച്ചത് വലിയ നേട്ടമായി. ബാധ്യതപ്പെട്ട ചെലവുകൾ ഒഴിച്ചുള്ളവയിൽ 29,162 കോടി രൂപ കുറയ്ക്കാൻ സാധിച്ചതുമൂലം 32,424 കോടി രൂപ പ്രതീക്ഷിച്ച റവന്യൂ കമ്മി 6,823 കോടി രൂപയായി കുറഞ്ഞു. മുൻവർഷത്തെ 83 ശതമാനത്തിന്റെ സ്ഥാനത്ത് 2022-23 ൽ റവന്യൂ കമ്മി 20 ശതമാനമായി കുറഞ്ഞു. ധനകമ്മിയാകട്ടെ പ്രതീക്ഷിച്ചതിലും 41 ശതമാനം കുറച്ച് 22,673 കോടി രൂപയിൽ ചുരുക്കുവാൻ സാധിച്ചു. ചുരുക്കത്തിൽ നികുതി പിരിവിലെ കാര്യക്ഷമതയും ചെലവുചുരുക്കലിലെ ജാഗ്രതയും സംസ്ഥാനത്തിന്റെ ധനഃസ്ഥിതി മെച്ചപ്പെടുന്നതിലേക്ക് വഴിതെളിച്ചു എന്ന് അനുമാനിക്കാം.

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......



പി.കെ.വി. അധികാരം ഭ്രമിപ്പിക്കാത്ത ഭരണാധികാരി

ആറു പതിറ്റാണ്ടു കാലത്തെ നിസ്വാർത്ഥവും ത്യാഗപൂർണവുമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയ കർമ്മനിരതനായ നേതാവായിരുന്നു പി.കെ. വാസുദേവൻ നായർ എന്ന പി.കെ.വി.. പ്രൈമറി സ്കൂൾ അധ്യാപകനായിരുന്ന പടയാട്ട് കേശവ പിള്ളയുടെയും നാണിക്കുട്ടി അമ്മയുടെയും മകനായി 1926 മാർച്ച് രണ്ടിന് കോട്ടയം ജില്ലയിലെ കിടങ്ങൂരിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. കിടങ്ങൂർ ഗവൺമെന്റ് പ്രൈമറി സ്കൂൾ, മോനിപ്പള്ളി ഗവൺമെന്റ് പ്രൈമറി സ്കൂൾ, കിടങ്ങൂർ എൻ.എസ്.എസ്. ഹൈസ്കൂൾ, പൂഞ്ഞാർ എസ്.എം.വി. ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ആലുവ യു.സി. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും ബിരുദവും പാസ്സായി. ഇതിന് ശേഷം തിരുവനന്തപുരം ലോ കോളേജിൽ ചേർന്ന് നിയമ പഠനം നടത്തിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പിതാവിന്റെ നിർബന്ധത്തിനു വഴങ്ങി കിടങ്ങൂരിലുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചുവെങ്കിലും അത് തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ആലുവ യു.സി. കോളേജിലെ പഠനത്തിനിടെയാണ് പി.കെ.വി. രാഷ്ട്രീയത്തിലേക്ക് തിരിയുന്നത്. തിരുവിതാംകൂർ വിദ്യാർത്ഥി യൂണിയന്റെ സജീവ പ്രവർത്തനം അക്കാലത്ത് യു.സി.കോളേജിലുണ്ടായിരുന്നു. യൂണിയന്റെ പ്രവർത്തനഫലമായി 1942 ലെ ക്വിറ്റ് ഇന്ത്യാ സമരത്തിൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞു. ഇതിന് നേതൃത്വം നൽകിയ വാസുദേവൻ നായർ കോളേജ് യൂണിയൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. യു.സി. കോളേജ് യൂണിയൻ ഭാരവാഹിയായി പ്രവർത്തിച്ച കാലയളവിൽ ഒരു പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തിനെതിരെ അറസ്റ്റ് വാറണ്ടുമുണ്ടായി. തിരുവിതാകൂർ വിദ്യാർത്ഥി യൂണിയന്റെയും പിന്നീട് വിദ്യാർത്ഥി ഫെഡറേഷൻ കേരള ഘടകത്തിന്റെയും പ്രസിഡന്റായ പി.കെ.വി. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണത്തിനായുള്ള സമരത്തിൽ കൂടുതൽ വിദ്യാർത്ഥികളെ സമരമുഖത്തേക്ക് എത്തിക്കുന്നതിലും കോളേജുകളിൽ യൂണിയന്റെ ഘടകങ്ങൾ രൂപീകരിക്കുന്നതിലും സർ സി.പി.യുടെ സ്വേച്ഛാധിപത്യ ഭരണത്തിനെതിരെ വിദ്യാർത്ഥികളെ അണിനിരത്തുന്നതിലും പ്രധാന പങ്ക് വഹിച്ചു.

1945 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ പി.കെ.വി. 1946 ലെ പുന്നപ്ര വയലാർ സമരത്തെത്തുടർന്നുണ്ടായ സർ സി.പി.യുടെ പട്ടാള ഭരണ തേർവാഴ്ചയ്ക്കിരയായ ജനങ്ങളെ സാന്ത്വനിപ്പിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനത്തിനുമായി നിയോഗിക്കപ്പെട്ട വിദ്യാർത്ഥി സംഘത്തെ നയിച്ചു. 1948 ൽ കൽക്കട്ട തീസിസ് അംഗീകരിച്ചതിനെത്തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചപ്പോൾ ഏതാണ്ട് മൂന്ന് വർഷ കാലത്തോളം മറ്റ് കമ്മ്യൂണിസ്റ്റ് നേതാക്കളെ പോലെ പി.കെ.വി.യും തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലായി ഒളിവിൽ കഴിഞ്ഞ് അണികളുടെ സമര വീര്യത്തെ ഉണർത്തി. 'വത്സൻ' എന്ന പേരിൽ ഒളിവിൽ കഴിയുന്ന സമയത്തും കേരളത്തിലുടനീളം സഞ്ചരിച്ച് പാർട്ടി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു.

1951 ൽ അഖില കേരള വിദ്യാർത്ഥി ഫെഡറേഷൻ രൂപം കൊള്ളുകയും അതിന്റെ ആദ്യ പ്രസിഡന്റായി പി.കെ.വി. തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അക്കാലത്ത് നടന്ന സ്കൂൾ - കോളേജ് മാനേജുമെന്റുകൾക്കെതിരെയുള്ള സമരങ്ങൾക്ക് പി.കെ.വി. നേതൃത്വം നൽകുകയും അറസ്റ്റു വരിക്കുകയും ജയിൽ വാസമനുഭവിക്കുകയും ചെയ്തു. ജയിൽമോചിതനായ അദ്ദേഹം പാർട്ടിയിൽ കൂടുതൽ ശ്രദ്ധിക്കപ്പെട്ടു.

1954 ൽ പാർട്ടിയുടെ മുഖപത്രമായ ജനയുഗത്തിന്റെ പത്രാധിപ സമിതിയിൽ പി.കെ.വി. അംഗമായി. മൂന്നു വർഷത്തോളം അദ്ദേഹം ഈ ചുമതല നിർവഹിച്ചു. 1957 ൽ 31 ാം വയസ്സിൽ ലോക്സഭയിലേക്ക് നടന്ന രണ്ടാമത്തെ പൊതുതെരഞ്ഞെടുപ്പിൽ തിരുവല്ല ലോക്സഭാ മണ്ഡലത്തിൽ നിന്ന് മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. തന്റെ മികവുറ്റ പ്രവർത്തന ശൈലിയാൽ വളരെ ചുരുങ്ങിയ സമയം കൊണ്ടുതന്നെ സമർത്ഥനായ പാർലമെന്റേറിയൻ എന്ന അംഗീകാരം അദ്ദേഹം നേടി. 1957 മുതൽ ലോക്സഭയിലെ സി.പി.ഐ.യുടെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായിരുന്നു. 1959 ൽ രൂപീകൃതമായ അഖിലേന്ത്യാ യുവജന ഫെഡറേഷന്റെ (എ.ഐ.വൈ.എഫ്.) ആദ്യ പ്രസിഡന്റായ പി.കെ.വി. വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാറ്റിക് യൂത്ത് (ഡബ്ല്യൂ.എഫ്.ഡി.വൈ) വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

1962 ൽ അമ്പലപ്പുഴയിൽ നിന്നും 1967 ൽ പീരുമേട് മണ്ഡലത്തിൽ നിന്നും വീണ്ടും പാർലമെന്റംഗമായി. മികച്ച പാർലമെന്റേറിയൻ എന്ന് പേര് കേട്ട പി.കെ.വി. ലോക്സഭയിൽ അദ്ധ്യക്ഷ പാനലിലേക്കും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1967 ൽ പി.കെ.വി.യെ ഇന്ദിരാഗാന്ധിയും മൊറാർജി ദേശായിയും ലോക്സഭാ സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിച്ചുവെങ്കിലും നയപരമായ കാരണങ്ങളാൽ പാർട്ടി വിസമ്മതിക്കുകയായിരുന്നു. 1967 ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വീട്ടുപടിക്കൽ എ.കെ.ജി. യെയും മറ്റ് ഇടതുപക്ഷ എം.പി.മാരേയും ചേർത്ത് നിർത്തി പി.കെ.വി. നടത്തിയ സത്യാഗ്രഹത്തിന്റെ ഫലമായാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത്. കൊച്ചി കപ്പൽ നിർമ്മാണ ശാല കേരളത്തിന് ലഭ്യമാക്കിയ സമരത്തിനും പി.കെ.വി. മുന്നിലുണ്ടായിരുന്നു.

1971 ൽ കേരള രാഷ്ട്രീയത്തിലേക്ക് തിരിച്ചെത്തിയ പി.കെ.വി. ഐക്യമുന്നണി ഏകോപന സമിതിയിലെ സി.പി.ഐ. പ്രതിനിധികളിൽ ഒരാളായിരുന്നു. 1977 ലും 1980 ലും ആലപ്പുഴ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം 1977 ൽ അഞ്ചാം കേരള നിയമസഭയിൽ കെ.കരുണാകരൻ മന്ത്രിസഭയിൽ വ്യവസായ-വൈദ്യുതി വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായിരുന്നു. 1977 ഏപ്രിൽ 25 ന് കെ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനം രാജി വച്ച് എ.കെ. ആന്റണി മുഖ്യമന്ത്രിയായി അധികാരത്തിലെത്തിയപ്പോഴും ഇതേ വകുപ്പുകളുടെ മന്ത്രിയായി പി.കെ.വി. തുടർന്നു. ഈ സമയത്താണ് ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ്, പാലക്കാട്ടെ മലബാർ സിമന്റ്സ് ഫാക്ടറി തുടങ്ങിയ വൻകിട സ്ഥാപനങ്ങൾക്ക് തുടക്കമിട്ടത്. കെ.കരുണാകരൻ രാജിവച്ചതിനെ തുടർന്ന് മുഖ്യമന്ത്രി സ്ഥാനത്തെത്തിയ എ.കെ.ആന്റണി നിയമസഭാംഗമാകുന്നതുവരെ പി.കെ.വി. യായിരുന്നു സഭാ നേതാവ്. 1978 ഒക്ടോബർ 27 ന് എ.കെ.ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു. തുടർന്ന് 1978 ഒക്ടോബർ 29 ന് പി.കെ.വി. മുഖ്യമന്ത്രിയായി ചുമതലയേറ്റു.

കേവലം മുന്നൂറ്റി നാൽപത്തി നാല് ദിവസം മാത്രം മുഖ്യമന്ത്രിയായിരുന്ന പി.കെ.വി. നിരവധി ഭരണപരിഷ്ക്കാരങ്ങൾക്ക് വഴിയൊരുക്കി. അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ച് ജില്ലാ കൗൺസിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയതും പോലീസുകാർക്ക് ആദ്യമായി സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചതും വർഷങ്ങളായി നടത്താതിരുന്ന പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്തിയതും അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. ഈ തെരഞ്ഞെടുപ്പിലാണ് ഇന്ത്യയിലാദ്യമായി പതിനെട്ട് വയസ്സ് പൂർത്തിയായവർക്ക് വോട്ടവകാശം അനുവദിച്ചത്. സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ചരിത്രത്തിലാദ്യമായി സമയബന്ധിത ഗ്രേഡ് ആനുകൂല്യം നടപ്പാക്കിയതും അദ്ദേഹത്തിന്റെ ഭരണ നേട്ടങ്ങളിൽപ്പെടുന്നു. തൊഴിലാളികൾക്ക് ബോണസ് അടക്കമുള്ള ആനുകൂല്യങ്ങൾ നിഷേധിച്ച് പൂട്ടിയിട്ട മുപ്പത്തിരണ്ട് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ദേശസാൽക്കരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലാക്കിയതും പി.കെ.വി. മന്ത്രിസഭാ കാലയളവിലായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരണത്തെത്തുടർന്ന് മൂന്ന് വർഷം കൂടി കാലാവധിയുണ്ടായിരുന്ന മുഖ്യമന്ത്രി പദം 1979 ഒക്ടോബർ 7 ന് പി.കെ.വി. രാജിവച്ചു. ഈ നടപടിയിലൂടെ അദ്ദേഹത്തിന്റെ രാഷ്ട്രീയ വ്യക്തിത്വം കൂടുതൽ മികവുറ്റതായി. ഒരേ നിയമസഭയിൽ മന്ത്രിയും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായിരുന്നു അദ്ദേഹം.

1980 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ആലപ്പുഴയിൽ നിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടെങ്കിലും മന്ത്രിസഭയിൽ ചേരാതെ അദ്ദേഹം സംഘടന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1982 ലെ തെരഞ്ഞെടുപ്പിൽ ആലപ്പുഴ മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് പൂർണ സമയ പാർട്ടി സംഘടന പ്രവർത്തകനായി പി.കെ.വി നിലകൊണ്ടു. 1984 ൽ സി.പി.ഐ.യുടെ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1998 വരെ ആ സ്ഥാനത്ത് തുടർന്നു. 2004 ൽ പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ നിന്നും പാർലമെന്റിലേക്ക് മത്സരിച്ച പി.കെ.വി. വൻ ഭൂരിപക്ഷത്തിൽ വിജയിച്ചു. പതിനാലാം ലോക്സഭയിൽ സി.പി.ഐ. ഗ്രൂപ്പിന്റെ ലീഡറായ അദ്ദേഹം മരണം വരെ ആ പദവിയിൽ തുടർന്നു.സംസ്ഥാനത്ത് വിവിധ ലോക്സഭാ മണ്ഡലങ്ങളിൽ നിന്നും വിജയിച്ച വ്യക്തി എന്ന ബഹുമതിയും അദ്ദേഹത്തിനാണ്.

മികച്ച പാർലമെന്റേറിയൻ എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച വച്ച പി.കെ.വി. 1978-79 ൽ കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി അദ്ധ്യക്ഷനായും 1980-82 ൽ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി അദ്ധ്യക്ഷനായും പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയത്തിനൊപ്പം സാംസ്കാരിക മേഖലയിലും സജീവമായിരുന്ന പി.കെ.വി. വയലാർ രാമവർമ്മ ട്രസ്റ്റ് ചെയർമാൻ, കെ.പി.എ.സി. നാടക സമിതിയുടെ ആദ്യകാല സംഘാടകൻ എന്നീ നിലകളിലും ആലപ്പുഴയിലെ ടി.വി.സ്മാരക ട്രസ്റ്റ്, ആർ.സുഗതൻ സ്മാരക ട്രസ്റ്റ് എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. പാർട്ടി പ്രസിദ്ധീകരണമായ 'നവയുഗം' വാരികയുടെ പത്രാധിപരായും പ്രവർത്തിച്ച് ശ്രദ്ധേയനായി. നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹം ചൈന, സോവിയറ്റ് യൂണിയൻ, വിയറ്റ്നാം, ജർമ്മനി, ഹോങ്കോങ്ങ് തുടങ്ങി ധാരാളം വിദേശ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്.

വിവേകവും വിനയവും സഹാനുഭൂതിയും നിറഞ്ഞ മനസ്സിനുടമയായ പി.കെ.വി. 2005 ജൂലൈ 12 ന് അന്തരിച്ചു. 2005 ജൂലൈ 15 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് (1980 ലെ 20 ാമത് നിയമം)

കേരള സംസ്ഥാനത്തെ ചുമട്ടുതൊഴിലാളി രംഗത്ത് നിലനിന്നിരുന്ന അസമത്വവും ചൂഷണവും മറ്റ് അനാരോഗ്യകരമായ പ്രവണതകളും അവസാനിപ്പിക്കുക, ചുമട്ടു തൊഴിലാളികളുടെ ജോലി വ്യവസ്ഥകൾ നിശ്ചയിക്കുക, അവരുടെ ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക, തൊഴിൽ തർക്കങ്ങൾക്ക് വേഗത്തിൽ പരിഹാരം കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടി നിർമ്മിക്കപ്പെട്ടൊരു നിയമമാണിത്. പ്രധാനമായും ചുമട്ടുതൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്ന കാര്യത്തിലും തൊഴിലുടമകളിൽനിന്നുള്ള ചൂഷണം അവസാനിപ്പിക്കുന്ന കാര്യത്തിലും ഒരു നിയമം ഉണ്ടാകേണ്ട അനിവാര്യത ബോധ്യപ്പെട്ടതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഈ നിയമം നിലവിൽ വരുന്നത്.

അഞ്ചാം കേരള നിയമസഭയിൽ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയാണ് 1977 ആഗസ്റ്റ് 9 ാം തീയതി ഇതിനായുള്ള ബിൽ സഭയിൽ അവതരിപ്പിച്ചത്. അവതരണത്തെത്തുടർന്ന് ബിൽ അന്നുതന്നെ ഒരു സെലക്ട് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്കായി അയയ്ക്കുകയുണ്ടായി. സെലക്ട് കമ്മിറ്റി സംസ്ഥാനത്തൊട്ടാകെ നടത്തിയ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിലും തുടർന്നു നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ട് 1978 ജൂലൈ 25 ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ജൂലൈ 31 ാം തീയതി സഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ അനുമതിക്കായി അയച്ചുവെങ്കിലും അദ്ദേഹം അത് രാഷ്ട്രപതിയുടെ അന്തിമ അനുമതിക്കായി റഫർ ചെയ്യുകയാണുണ്ടായത്. അതിനുശേഷം 1980 സെപ്റ്റംബർ 28 ാം തീയതിയാണ് രാഷ്ട്രപതി ഈ ബില്ലിന് അനുമതി നൽകിയത്.

ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി കൺസീലിയേഷൻ ഓഫീസർമാർ, അപ്പലേറ്റ് അതോറിറ്റികൾ, ഇൻസ്പെക്ടർമാർ എന്നിവരെ അതത് യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നിയമിക്കാവുന്നതാണ്. ചുമട്ടുതൊഴിലാളികളുടെ ജോലിസമയം അവരുടെ പ്രായഭേദമനുസരിച്ച് നിജപ്പെടുത്തിയിരിക്കുന്നു. പ്രായപൂർത്തിയായ ഒരു ചുമട്ടുതൊഴിലാളിക്ക് ദിവസം പരമാവധി എട്ട് മണിക്കൂറും പ്രായപൂർത്തിയെത്താത്തവർക്ക് ദിവസം പരമാവധി ആറ് മണിക്കൂറും ആയി ജോലി സമയം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. അതുപോലെ ചുമട്ടുതൊഴിലാളികളുടെ കൂലി അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ, ജോലിയുടെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂലി സംബന്ധിച്ച പരാതികൾ കൺസീലിയേഷൻ ഓഫീസർക്ക് കൊടുക്കാവുന്നതും കൺസീലിയേഷൻ ഓഫീസറുടെ ഉത്തരവിന്മേൽ അതൃപ്തിയുള്ള പക്ഷം അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതുമാണ്.

ചുമട്ടുതൊഴിലാളികളുടെ ആകമാനമുള്ള ക്ഷേമം മുൻനിർത്തി ആവിഷ്കരിക്കേണ്ട പദ്ധതികളെ സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥയുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി തൊഴിലുടമകളുടെയും ചുമട്ടുതൊഴിലാളികളുടെയും ഗവണ്മെന്റിന്റെയും പ്രാതിനിധ്യമുള്ള ഒരു ബോർഡ് ഗസറ്റ് വിജ്ഞാപനം മുഖേന ഗവണ്മെന്റിന് രൂപീകരിക്കാവുന്നതും ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനായി ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതുമാണ്. ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്ത പക്ഷം ഒരു നിശ്ചിത കാലത്തേക്ക് ബോർഡിന്റെ ഭരണം ഗവണ്മെന്റിന് ഏറ്റെടുക്കാവുന്നതാണ്. അതുപോലെ വ്യത്യസ്ത സ്ഥലങ്ങളിലെ പദ്ധതിയുടെ നടത്തിപ്പിനായി കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ചും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽത്തർക്കങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറുടെ നേതൃത്വത്തിൽ പ്രശ്നപരിഹാരത്തിനായി ഒത്തുതീർപ്പ് ചർച്ചകൾ നടത്താവുന്നതും പ്രശ്നപരിഹാരമുണ്ടാകാത്തപക്ഷം ഇതുസംബന്ധിച്ച റിപ്പോർട്ട് കൺസീലിയേഷൻ ഓഫീസർക്ക് അയച്ചു കൊടുക്കാവുന്നതുമാണ്. പ്രശ്നപരിഹാരത്തിന് കൺസീലിയേഷൻ ഓഫീസർ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ മുഖേന രമ്യമായ തീർപ്പുണ്ടായില്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് അപ്പലേറ്റ് അതോറിറ്റിക്ക് അയച്ചു കൊടുക്കാവുന്നതാണ്. കൺസീലിയേഷൻ ഓഫീസറുടെ തീരുമാനത്തിൽ എതിർപ്പുള്ള പക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് നേരിട്ട് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ പോകാവുന്നതാണ്.

തങ്ങളുടെ അധികാരപരിധിയിൽ ജോലി ചെയ്യുന്ന ചുമട്ടുതൊഴിലാളികളെ സംബന്ധിക്കുന്ന നിശ്ചിത വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ ബന്ധപ്പെട്ട അതോറിറ്റി/ഓഫീസർ സൂക്ഷിക്കേണ്ടതാണ്. എല്ലാ തൊഴിലുടമകളും ഇത്തരം രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കേണ്ടതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു.

മൂലനിയമപ്രകാരം രൂപീകൃതമായ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് തസ്തിക ഒരു മുഴുവൻ സമയ തസ്തികയാക്കുന്നതിനും ബോർഡിലെ അംഗത്തെത്തന്നെ പ്രസ്തുത തസ്തികയിൽ നിയമിക്കുന്നതിനും മറ്റനുബന്ധ കാര്യങ്ങൾക്കുമായി 14 വർഷങ്ങൾക്കുശേഷം 1994 ൽ മൂലനിയമം ഭേദഗതി ചെയ്യപ്പെട്ടു (1994 ലെ 8 ാമത് നിയമം)

ചുമട്ടുതൊഴിലാളി രംഗത്തെ വേറിട്ടൊരു നിയമം

ചുമട്ടുതൊഴിലാളികളുടെ തൊഴിൽ ക്രമപ്പെടുത്തുന്നതിനാവശ്യമായ ഭരണസംവിധാനം, തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം, ചുമട്ടുതൊഴിലാളി ക്ഷേമം എന്നിവ ലക്ഷ്യമിട്ട് നിർമ്മിച്ച 1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് സംസ്ഥാനത്ത് നടപ്പാക്കി രണ്ട് ദശവത്സരം പിന്നിട്ടപ്പോൾ കാര്യക്ഷമമായ നിയന്ത്രണങ്ങളുടെ അഭാവത്തിൽ ചില അനഭിലഷണീയ പ്രവർത്തനങ്ങൾ കയറ്റിറക്ക് മേഖലയിൽ സംജാതമായതായി അന്നത്തെ സർക്കാരിന്റെ (2001-2006) ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗാർഹികവും ഗാർഹികേതരവുമായ ആവശ്യങ്ങൾക്കുള്ള ചരക്കുകളുടെയും സാധനങ്ങളുടെയും കയറ്റിറക്കിൽ ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ള മറ്റ് നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനും നിയമം മൂലം അത്തരം പ്രവർത്തികൾ ക്രിമിനൽ കുറ്റമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ ഒരു നിയമം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സഭ പാസ്സാക്കിയ നിയമമാണ് 2002 ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്ട്. (2002ലെ 10 ാമത് നിയമം)

പതിനൊന്നാം കേരള നിയമസഭയിൽ (2001-2006) തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ബാബു ദിവാകരൻ 2002 ജൂലായ് 23 ാം തീയതി സഭയിൽ അവതരിപ്പിച്ച ബിൽ 2002 ആഗസ്റ്റ് 2ാം തീയതി സഭ പാസ്സാക്കുകയും ആഗസ്റ്റ് 29 ാം തീയതി ബില്ലിന് ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തു.

വേറിട്ട നിയമത്തെ ഒഴിവാക്കാൻ വേറൊരു ഭേദഗതി കൂടി

2002 ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) നിയമപ്രകാരം ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഏതെങ്കിലും വ്യാവസായിക പാർക്ക്, കയറ്റുമതി സംസ്കരണ മേഖല, വ്യാവസായികം അല്ലെങ്കിൽ വാണിജ്യ പ്രദേശം, വിനോദസഞ്ചാര പദ്ധതി പ്രദേശം, കാർഷിക ചന്ത എന്നിവയായി കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്നിടങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്കായി തൊഴിലുടമയ്ക്ക് സ്വയമോ അല്ലെങ്കിൽ അയാളുടെ ഇച്ഛാനുസരണമോ തൊഴിലാളികളെ, കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലിക്ക് നിയോഗിക്കുന്നതിനുള്ള അവകാശം ഉണ്ട്. അതുമൂലം ആ പ്രദേശങ്ങളിൽ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള തൊഴിലാളികളുടെ ജോലിസാധ്യത ഇല്ലാതാക്കുന്നതിനിടയാക്കുകയും യാതൊരു പരാതിയും ഇല്ലാതെ തന്നെ പോലീസിന് തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടാൻ അധികാരം നൽകുന്ന വ്യവസ്ഥയിൽ ഉയർന്നുവന്നിട്ടുള്ള പ്രതിഷേധം കാരണവും കയറ്റിറക്ക് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വേതനം ക്രമപ്പെടുത്തുന്നതിനുമായി മൂലനിയമത്തിലെ ചുമട്ടുതൊഴിലാളി എന്ന വാക്കിന്റെ നിർവചനത്തിലും ചുമട്ടുതൊഴിലാളികൾക്ക് നൽകേണ്ട വേതനം സംബന്ധിച്ച വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിനും 2002 ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്ട് റദ്ദാക്കുന്നതിനുമായി 1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്, പി.കെ. ഗുരുദാസൻ തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ആയിരിക്കേ, 2008 ൽ വീണ്ടും ഭേദഗതി ചെയ്യപ്പെട്ടു (2008 ലെ 27 ാമത് നിയമം).

2008 ൽ തന്നെ വീണ്ടുമൊരു ഭേദഗതി

കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുണ്ടായിരുന്ന സമിതികളുടെ എണ്ണം 34 ൽ നിന്നും 14 ആയി ചുരുക്കുന്നതിനായി, പുതിയതായി രൂപീകരിച്ച കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാ കമ്മിറ്റി ഒഴികെ നിലവിലുള്ള 34 തദ്ദേശ കമ്മിറ്റികളെ മാറ്റി പകരം ഓരോ റവന്യൂ ജില്ലയ്ക്കും ഒരോന്നുവീതം 14 ജില്ലാ കമ്മിറ്റികളെ കൊണ്ടുവരുന്നതിനും സർക്കാരിന് ആവശ്യമാണെന്ന് തോന്നുന്ന പ്രദേശങ്ങളിൽ പ്രത്യേകം കമ്മിറ്റികളെ നിയമിക്കുവാൻ അധികാരം നൽകുന്നതിനും റവന്യൂ ജില്ലകളിലെ ഏതെങ്കിലും പ്രദേശത്തേക്ക് ആവശ്യമെങ്കിൽ ഉപദേശക കമ്മിറ്റികളെ നിയമിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിലേക്കായിട്ടാണ് 2008 ൽ വീണ്ടുമൊരു ഭേദഗതി മൂലനിയമത്തിൽ വരുത്തിയത്.

2013 ലെ ഭേദഗതി

പതിനൊന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8 ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം മൂലനിയമത്തിലെ 'കുടുംബം' എന്ന വാക്കിന്റെ നിർവചനത്തിൽ പൂർണ്ണ ആശ്രിതരായ മാനസിക വൈകല്യമുള്ളവരും ശാരീരിക അംഗവൈകല്യം ഉള്ളവരുമായ കുട്ടികളേയും ഉൾപ്പെടുത്തുന്നതിനും ക്ഷേമനിധിയിലേക്ക് അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ തൊഴിലുടമകളിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള അധികാരം സർക്കാരിൽനിന്നും ക്ഷേമിനിധി ബോർഡിനെ ഏൽപ്പിക്കുന്നതിനും, കൊച്ചി തുറമുഖ ട്രസ്റ്റ് ഏരിയ കമ്മിറ്റിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടുതൊഴിലാളികൾക്കു കൂടി 1948 ലെ ഇൻഷ്വറൻസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിലേക്കുമായിട്ടാണ് 1978 ലെ മൂലനിമയം ഷിബു ബേബി ജോൺ തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയായിരിക്കെ 2013 ൽ വീണ്ടും ഭേദഗതി ചെയ്യപ്പെട്ടത് (2013 ലെ 13 ാമത് നിയമം).

അവസാന ഭേദഗതി

ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന്റെ ശിപാർശകൾ കേരളത്തിലെ ചുമട്ടുതൊഴിലാളികളുടെ രംഗത്തും നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു തൊഴിലാളി ചുമന്നുകൊണ്ടുപോകേണ്ട പരമാവധി ഭാരം എഴുപത്തി അഞ്ച് കിലോഗ്രാമിൽനിന്നും അൻപത്തി അഞ്ച് കിലോഗ്രാമായി കുറവു ചെയ്യുന്നതിനും സ്ത്രീകളും പ്രായപൂർത്തിയാകാത്ത ചുമട്ടുതൊഴിലാളികളും ചുമന്നു കൊണ്ട് പോകേണ്ട പരമാവധി ഭാരം മുപ്പത്തി അഞ്ച് കിലോഗ്രാമായി പരിമിതപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി പതിനഞ്ചാം കേരള നിയമസഭയിൽ ഏറ്റവും ഒടുവിലായി ഹെഡ്ലോഡ് വർക്കേഴ്സ് ആക്ട് ഭേദഗതി ചെയ്യപ്പെട്ടു. ഇതിനായി പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടി പൈലറ്റ് ചെയ്ത ബിൽ 2021 നവംബർ 10 ാം തീയതിയാണ് സഭ പാസ്സാക്കിയത്.

മൂലനിയമം നിലവിൽ വന്നതിനുശേഷം മുപ്പത്തിമൂന്ന് സംവത്സരങ്ങൾ പിന്നിടുന്നതിനിടയിൽ കേരള സംസ്ഥാനത്ത് മാറിമാറി വന്ന സർക്കാരുകളുടെയും മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളെ ചലനാത്മകമാക്കാനും സജീവമാക്കാനും പര്യാപ്തമായ ഒട്ടേറെ സംഭവഗതികൾ ഈ നിയമം നടപ്പാക്കിയതിലൂടെ സംസ്ഥാനത്ത് രൂപപ്പെടുകയുണ്ടായി. ചുമട്ടുതൊഴിലാളികൾ ഉൾക്കൊള്ളുന്ന തൊഴിൽ രംഗത്ത് വർഷങ്ങളായി നിലനിന്നിരുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞു എന്നതു മാത്രമല്ല, നെടുനാളത്തെ അവഗണനയിൽനിന്നും ചൂഷണത്തിൽനിന്നും ചുമട്ടുതൊഴിലാളികളെ സംരക്ഷിക്കാൻ കഴിഞ്ഞതുവഴി തികഞ്ഞ അഭിമാനത്തോടെ ഈ രംഗത്ത് പണിയെടുക്കാൻ തൊഴിലാളികൾക്കും അവസരമുണ്ടായി എന്നതുകൂടിയാണ് ഈ നിയമത്തെ കേരള നിയമസഭയുടെ സുപ്രധാന നിയമങ്ങളുടെ പട്ടികയിലേക്ക് ഉയർത്തിയത്.

(തുടരും...)

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

അജയ്യരായി മൂന്നാം വർഷത്തിലേക്ക്

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മൂന്നാം വർഷത്തിലേക്ക് കടക്കുകയാണ്. സാങ്കേതികമായി ഈ സർക്കാരിന്റെ മൂന്നാം വർഷത്തിലേക്കാണ് നമ്മൾ കടക്കുന്നതെങ്കിലും 2016 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറ്റെടുത്ത വികസന - ക്ഷേമ പദ്ധതികളുടെ തുടർച്ച എട്ടാം വർഷത്തിലേക്ക് കടക്കുകയാണ്. ഭവന പദ്ധതികളിലൂടെയും പട്ടയങ്ങൾ ലഭ്യമാക്കുന്നതിലൂടെയും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിലൂടെയും റോഡ് - സ്കൂൾ - ആശുപത്രി വികസനങ്ങളിലൂടെയും പെൻഷൻ വിതരണത്തിലൂടെയും എല്ലാം കേരളത്തിലെ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. കഴിഞ്ഞ ഏഴ വർഷമായി തുടർന്നുകൊണ്ടിരിക്കുന്ന സമഗ്രമായ ഈ വികസന കാഴ്ചപ്പാട് ഇനിയും തുടരുകതന്നെ ചെയ്യും.

സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം മുന്നിൽ കണ്ടുകൊണ്ട് വികസന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ തന്നെ പ്രത്യേക ശ്രദ്ധ ലഭ്യമാക്കി മുന്നോട്ടുപോകേണ്ടതായ പല മേഖലകളുമുണ്ട്. അതിൽ ദാരിദ്ര്യനിർമ്മാർജ്ജനമുണ്ട്, കാർഷിക നവീകരണമുണ്ട്, വ്യവസായ പുനഃസംഘടനയുണ്ട്, നൈപുണ്യ വികസനമുണ്ട്, സംരംഭകത്വ പ്രോത്സാഹനമുണ്ട്, മാലിന്യ സംസ്കരണമുണ്ട്, നൂതനത്വത്തിൽ ഊന്നിയ അടിസ്ഥാനസൗകര്യ വികസനമുണ്ട്, അങ്ങനെ പലതുമുണ്ട്. ഇത്തരത്തിൽ വിവിധ തലങ്ങളിലുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടു മാത്രമേ നവകേരള സൃഷ്ടി സാധ്യമാവുകയുള്ളൂ. അതുകൊണ്ടുതന്നെ സർക്കാരിന്റെ വികസന - ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ ഇടങ്ങളിലേക്കും എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കാനാണ് ശ്രമിക്കുന്നത്. ഒരു വിഭാഗവും സർക്കാരിന്റെ കരുതൽ സ്പർശത്തിന് പുറത്താവുന്നില്ല എന്നുറപ്പുവരുത്തുകയാണ്.

അതിന്റെ ഉത്തമ ഉദാഹരണമാണ് എല്ലാവർക്കും ഭൂമി ലഭ്യമാക്കാനായി നടത്തുന്ന ഇടപെടലുകൾ. 2016 മുതൽക്കിങ്ങോട്ട് മൂന്ന് ലക്ഷത്തോളം പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. വളരെ ശ്രദ്ധേയമായ നേട്ടമാണിത്. ഡിജിറ്റൽ റീ-സർവ്വേ, സ്മാർട്ട് വില്ലേജ് ഓഫീസുകൾ, യുണീക്ക് തണ്ടപ്പേർ എന്നീ മാതൃകാപരമായ പദ്ധതികളും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നുണ്ട്.

കേരളത്തിന്റെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് വലിയ പ്രാധാന്യമാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും ഈ സർക്കാരും നൽകിവരുന്നത്. എന്നാൽ, കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ നമ്മുടെ കാർഷികമേഖലയ്ക്ക് ചില പ്രതിസന്ധികളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. 2018 ലെ പ്രളയം, 2019 ലെ അതിവർഷം, 2020 മുതലുള്ള കോവിഡ് മഹാമാരി എന്നിവയൊക്കെ കാർഷിക മേഖലയുടെ വളർച്ചയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഈ പ്രതിസന്ധികൾക്കിടയിലും 2021-22 വർഷത്തിൽ 4.64 ശതമാനം വളർച്ച കൈവരിക്കാൻ നമ്മുടെ കാർഷിക മേഖലയ്ക്ക് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നമ്മൾ അടുക്കുന്നു എന്നതും ശ്രദ്ധേയമായ നേട്ടമാണ്.

സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ സുപ്രധാനമായ പങ്കാണ് നാണ്യവിളകൾക്കും തോട്ടവിളകൾക്കും ഉള്ളത്. അതിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ടതാണ് റബ്ബർ കൃഷി. റബ്ബർ മേഖലയിലെ സർക്കാരിന്റെ സുപ്രധാനമായ ഒരിടപെടലാണ് കോട്ടയത്ത് സ്ഥാപിക്കപ്പെടുന്ന കേരള റബ്ബർ ലിമിറ്റഡ്. 1,050 കോടി രൂപ ചെലവിട്ടാണ് ഈ പൊതുമേഖലാ സ്ഥാപനം യാഥാർത്ഥ്യമാക്കുന്നത്. ലാറ്റക്സ് ഉത്പന്നങ്ങളുടെ ഒരു ഹബ്ബും സ്വാഭാവിക റബ്ബറിന്റെ സംഭരണത്തിനായുള്ള സംവിധാനങ്ങളും ഇതിന്റെ ഭാഗമായുണ്ടാകും. ആദ്യഘട്ടത്തിൽ 200 കോടി രൂപയാണ് മുതൽമുടക്ക് പ്രതീക്ഷിക്കുന്നത്. ഇതൊക്കെ നമ്മുടെ കാർഷിക മേഖലയെയും വ്യവസായ മേഖലയെയും ഒരുപോലെ മെച്ചപ്പെടുത്താൻ ഉപകരിക്കുന്ന ഇടപെടലുകളാണ്.

നൂതന സാങ്കേതികവിദ്യാ രംഗത്ത് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിക്കൊണ്ട് നൂതന സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ് വ്യവസായം എന്നീ മേഖലകളിൽ മുന്നേറ്റം കൈവരിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. ഇതിന്റെ ഭാഗമായാണ് എറണാകുളത്ത് ഗ്രഫീൻ ഗവേഷണ കേന്ദ്രം ആരംഭിച്ചത്. ഇക്കഴിഞ്ഞ ദിവസമാണ് ഡിജിറ്റൽ സയൻസ് പാർക്കിന്റെ ശിലാസ്ഥാപനം നടന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ എൺപത്തിരണ്ടും കൊച്ചി ഇൻഫോപാർക്കിൽ നൂറ്റിഎഴുപത്തി ഒന്നും കോഴിക്കോട് സൈബർ പാർക്കിൽ ഇരുപത്തിയെട്ടും ഉൾപ്പെടെ ഇരുനൂറ്റി എൺപത്തിയൊന്ന് ഐ.ടി. കമ്പനികളാണ് കേരളത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ളത്.

ഐ.ടി. രംഗത്ത് തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ഫ്യൂച്ചർ ടെക്നോളജി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് സംരംഭക വർഷം പദ്ധതി നടപ്പാക്കിയത്. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് നമ്മൾ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, ആദ്യത്തെ എട്ട് മാസം കൊണ്ടുതന്നെ ലക്ഷ്യത്തെ മറികടക്കാൻ നമുക്ക് സാധിച്ചു. 1,40,000 ത്തോളം സംരംഭങ്ങളാണ് സംരംഭകവർഷം പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ളത്. അവയിലൂടെ 8,300 കോടിയിലധികം രൂപയുടെ നിക്ഷേപങ്ങൾ സമാഹരിക്കുകയും മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത, നൂതന, ചെറുകിട, പൊതുമേഖലാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തന്നെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകുന്ന നയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചുവരുന്നത്. തെക്കെ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ആന്റ് ഇന്നൊവേഷൻ ഹബ്ബുകളിലൊന്ന് നമ്മുടെ നാട്ടിലാണ് എന്നത് അഭിമാനകരമാണ്. ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനം കേരളമാണ്. 2022 ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോഡബിൾ ടാലന്റ്സ് റാങ്കിംഗിൽ കേരളം ഏഷ്യയിൽ ഒന്നാമതും ലോകത്ത് നാലാമതുമാണ്.

കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ തയ്യാറായി വരുന്ന വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകൾക്ക് ഫണ്ട് ഓഫ് ഫണ്ട്സിൽ നിന്നുള്ള തുക കൂടി ലഭ്യമാക്കി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ കഴിയും. അങ്ങനെ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മൂലധനം ഒരുക്കാനാവും. വ്യാവസായിക രംഗത്തെ പ്രമുഖ കമ്പനികളിൽ നിന്നും എയ്ഞ്ചൽ ഫണ്ടിംഗ് സ്വീകരിച്ചുകൊണ്ട് നമ്മുടെ നഗരങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. ഇതിന്റെ ഭാഗമായുള്ള ഇഗ്നൈറ്റ് പ്രോഗ്രാമുകൾ എല്ലാ നഗരങ്ങളിലും നടത്തിവരികയാണ്. 2026 ഓടെ കേരളത്തിൽ 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 2035 ഓടെ 90 ശതമാനത്തിലധികം നഗര ജനസംഖ്യയുള്ള സംസ്ഥാനമായി കേരളം മാറും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇത് മനസ്സിലാക്കിക്കൊണ്ടു വേണം നഗര ഗതാഗതം, മാലിന്യ നിർമ്മാർജനം എന്നിവയടക്കമുള്ള വിഷയങ്ങളെ നാം സമീപിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്താകെ വിട്ടുവീഴ്ചയില്ലാതെ മാലിന്യ സംസ്കരണം നടപ്പാക്കണമെന്നതാണ് സർക്കാരിന്റെ നയം. ഖര, ദ്രവ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ-വേസ്റ്റ് എന്നിവയുടെ ശാസ്ത്രീയമായ സംസ്കരണം നടപ്പാക്കേണ്ടതുണ്ട്.

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ രണ്ടുഘട്ടങ്ങളിലുള്ള സമഗ്രപദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഗാർഹിക ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കും. മാലിന്യ നിർമ്മാർജനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ഒരു സോഷ്യൽ ഓഡിറ്റിംഗും നടപ്പാക്കും. വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം നല്ലൊരു തൊഴിൽമേഖല കൂടിയാണ്. ആ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര സഹകരണത്തോടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്. അങ്ങനെ മാലിന്യമുക്ത കേരളമെന്ന ലക്ഷ്യത്തിലേക്ക് മുന്നേറാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നവകേരളം ഒരു വികസിത സമൂഹമാകണമെന്നുണ്ടെങ്കിൽ വികസിത നാടുകളിലുള്ളതിന് സമാനമായ സൗകര്യങ്ങൾ കേരളത്തിലും ലഭ്യമാക്കണം, പ്രത്യേകിച്ച് നമ്മുടെ യുവാക്കൾക്കു വേണ്ടി. ആ കാഴ്ചപ്പാടോടെ പഠനത്തോടൊപ്പം തൊഴിൽ എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനായി 'ഏൺ വൈൽ യു ലേൺ' പദ്ധതി നടപ്പാക്കി വരികയാണ്. ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 3,500 കോടി രൂപയുടെ റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ബജറ്റാണ് ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഗവേഷണ രംഗത്തെ അറിവുകളെ സാമൂഹ്യപുരോഗതിക്ക് ഉതകുന്ന വിധത്തിൽ മാറ്റിത്തീർക്കുന്നതിന് ട്രാൻസ്ലേഷൻ ലാബുകൾ സ്ഥാപിക്കുകയാണ്. 200 കോടി രൂപ മുതൽമുടക്കിൽ പത്ത് സർവകലാശാലകളിലാണ് ഇത്തരം ലാബുകൾ സ്ഥാപിക്കുക.

ഇതിനെല്ലാം പുറമെയാണ് കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിക്കുന്ന വൻകിട വികസന പദ്ധതികൾ നടപ്പാക്കുന്നത്. 1136 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ച കൊച്ചി വാട്ടർ മെട്രോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1500 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഡിജിറ്റൽ സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ദേശീയപാതാ വികസനം യാഥാർത്ഥ്യമാവുകയാണ്. നാഷണൽ ഹൈവേ വികസനം കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്തമായിരുന്നിട്ടുകൂടി ഇതിനായി 5,580 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിരിക്കുന്നത്. 6,500 കോടി രൂപ ചെലവിലും 625 കിലോമീറ്റർ നീളത്തിലും തിരുവനന്തപുരത്തെ പൂവാർ മുതൽ കാസർഗോട്ടുള്ള കുഞ്ചത്തൂർ വരെ തീരദേശ ഹൈവേ യാഥാർത്ഥ്യമാവുകയാണ്. 3,500 കോടി രൂപ ചെലവിലും 1,251 കിലോമീറ്റർ നീളത്തിലും തിരുവനന്തപുരത്തെ പാറശ്ശാല മുതൽ കാസർഗോട്ടെ നന്ദാരപടവ് വരെ മലയോര ഹൈവേ ഒരുങ്ങുകയാണ്. കേരളത്തെ കാർബൺ ന്യൂട്രലാക്കാൻ ഉപകരിക്കുന്നതും 200 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നതുമായ കൊച്ചിയിലെയും തിരുവനന്തപുരത്തെയും ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ ശ്രദ്ധേയമായ പദ്ധതിയാണ്.

കോഴിക്കോട് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ അവയവ മാറ്റിവയ്ക്കലിൽ കേരളത്തിന്റെ ശേഷി മെച്ചപ്പെടുത്താനുപകരിക്കും. തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കുന്ന മൈക്രോബയോം സെന്റർ ഓഫ് എക്സലൻസ് ആരോഗ്യരംഗത്ത് പുതിയ സാധ്യതകൾ തുറന്നുതരും. വൈദ്യുതവാഹനങ്ങളിലെ ഘടകങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി ഒരു ഇ വി കൺസോർഷ്യം രൂപീകരിക്കും. ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങളെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ഉപയോഗിക്കാൻ കഴിയുന്ന നാല് സയൻസ് പാർക്കുകൾ 1,000 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കുകയാണ്.

ഇങ്ങനെ കേരളത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന ഒരു കാര്യപരിപാടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കുന്നത്. അവയിലൂടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനും അധിക വിഭവങ്ങളുടെ നീതിയുക്തമായ വിതരണത്തിലൂടെ സാമൂഹ്യനീതി ഉറപ്പുവരുത്താനും അങ്ങനെ നവകേരളം യാഥാർത്ഥ്യമാക്കാനുമാണ് നമ്മൾ ശ്രമിക്കുന്നത്. വിജ്ഞാന സമ്പദ്ഘടനയായ നവകേരളം സുസ്ഥിരവും ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ടതുമായിരിക്കും. അതിന്റെ ദൃഷ്ടാന്തമാണ് അതിദാരിദ്ര്യ നിർമ്മാർജനം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം, പട്ടയ വിതരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ, പുനർഗേഹം, പഠനമുറി, പ്രത്യേക റിക്രൂട്ട്മെന്റുകൾ എന്നിങ്ങനെയുള്ള പദ്ധതികളും ഇടപെടലുകളും.

വികസന പ്രവർത്തനത്തിലൂടെ മാത്രം കെട്ടിപ്പടുക്കാനാവുന്നതല്ല ഒരു നവീന സമൂഹമെന്നത്. അതിന് നാടിന്റെ സമാധാനാന്തരീക്ഷവും കാത്തുസൂക്ഷിക്കപ്പെടേണ്ടതുണ്ട്. അതു കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. അമിതാധികാര സ്വേച്ഛാധിപത്യ പ്രവണതകളും മനുഷ്യത്വരഹിതമായ വർഗീയതയുടെ ഫാസിസത്തിലേക്കുള്ള ശക്തിപ്പെടലുകളുംകൊണ്ട് കലുഷമായ ദേശീയാന്തരീക്ഷത്തിൽ പ്രത്യാശയുടെ ദ്വീപ് എന്ന നിലയിൽ ജനങ്ങൾ വലിയ പ്രതീക്ഷയോടെ നോക്കിക്കാണുന്ന സംസ്ഥാനമാണ് നമ്മുടേത്. മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളിൽ അൽപവും വിട്ടുവീഴ്ച ചെയ്യാതെയും വർഗീയതയുടെ ജനവിരുദ്ധ നീക്കങ്ങളെ ഇഞ്ചിനിഞ്ചിനു ചെറുത്തും കേരളം മുമ്പോട്ടുപോകും.

അങ്ങനെ രാജ്യത്ത് മതനിരപേക്ഷത നിലനിൽക്കുമെന്നതിന്റെ ഏറ്റവും വലിയ ഗ്യാരന്റികളിലൊന്നായി കേരളം തുടർന്നും ഉയർന്നുനിൽക്കും. അതാണ് കേരളജനത ആഗ്രഹിക്കുന്നത്. ആ ആഗ്രഹങ്ങൾക്കൊത്ത് ഉയർന്നു പ്രവർത്തിക്കുന്നതിനായി നമുക്ക് കൈകോർത്ത് മുന്നോട്ടുനീങ്ങാം.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer